2023
SEPTEMBER
13
WEDNES DAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## വിഴിഞ്ഞത്തേക്ക് ക്രെയിനുകളുമായുള്ള കപ്പൽ അടുത്ത മാസമെത്തും

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേക്കു ക്രെയിനുകളുമായി ചൈനയിൽനിന്നു പുറപ്പെട്ട കപ്പൽ ഒക്ടോബർ നാലിന് എത്തും. മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ കപ്പൽ സ്വീകരിക്കുമെന്നു മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ ഔദ്യോഗിക പേരും ലോഗോയും ഈ മാസം 20നു മുഖ്യമന്ത്രി പ്രകാശനം ചെയ്യും.

വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ ചർച്ച ചെയ്യാൻ ഒക്ടോബർ അവസാനവാരം രാജ്യാന്തര ഷിപ്പിങ് കോൺക്ലേവ് തിരുവനന്തപുരത്തു സംഘടിപ്പിക്കും. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് അദാനി പോർട്സിനു കരാർ പ്രകാരം നൽകാനുള്ള തുക പൂർണമായും നൽകാനാകാത്തത്. ഇതുവരെ ലഭിച്ച ബില്ലിൽ 84 കോടിയാണ് ഉടൻ കൊടുത്തുതീർക്കാനുള്ളത്. അതു വൈകാതെ കൊടുക്കും. കേന്ദ്രസർക്കാർ നൽകേണ്ട വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ പകുതിയും ഉടൻ ലഭിക്കും. വിഴിഞ്ഞം തുറമുഖ നിർമാണം തീരശോഷണത്തിനു കാരണമായിട്ടുണ്ടോയെന്നു പഠിക്കാൻ നിയോഗിച്ച വിദഗ്ധസമിതിക്ക് ഇനി സമയം നീട്ടി നൽകില്ല.

ഇപ്പോൾ നീട്ടി നൽകിയ സമയത്തിനകത്തു റിപ്പോർട്ട് ലഭ്യമാക്കുമെന്നു തുറമുഖ സെക്രട്ടറി കെ.എസ്.ശ്രീനിവാസ്, വിഴിഞ്ഞം ഇന്റർനാഷനൽ സീ പോർട്ട് ലിമിറ്റഡ് (വിസിൽ) എംഡി ഡോ.അദീല അബ്ദുല്ല എന്നിവർ പറഞ്ഞു. ആകെ നാലു കപ്പലുകളിലാണു തുറമുഖത്തേക്കുള്ള ക്രെയിനുകൾ എത്തിക്കുന്നത്. നവംബർ 14നകം നാലു കപ്പലുകളും എത്തിച്ചേരുമെന്ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ രാജേഷ് ഝാ, ഓപ്പറേഷൻസ് മേധാവി സുശീൽ നായർ എന്നിവർ പറഞ്ഞു.

## കേരളത്തിൽ 4 പേർക്ക് നിപ്പ സ്ഥിരീകരിച്ചു; കോഴിക്കോട്ട് മാസ്ക് നിർബന്ധമെന്ന് മന്ത്രി




**കോഴിക്കോട് :** കേരളത്തിൽ നാലു പേർക്കു നിപ്പ വൈറസ് ബാധ സ്ഥിരീകരിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. മരിച്ച രണ്ടു പേർക്കും ചികിത്സയിലുള്ള രണ്ടു പേർക്കുമാണു രോഗബാധ. പുണെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള സാംപിൾ പരിശോധനാഫലം കിട്ടിയതിനു പിന്നാലെയാണു സ്ഥിരീകരണം. മരിച്ച രണ്ടുപേർക്കും നിപ്പയാണെന്നു നേരത്തേ കേന്ദ്ര ആരോഗ്യമന്ത്രി മൻസൂഖ് മാണ്ഡവ്യ അറിയിച്ചിരുന്നെങ്കിലും സംസ്ഥാനം സ്ഥിരീകരിച്ചിരുന്നില്ല.

ആദ്യം മരിച്ചയാളുടെ ചികിത്സയിലുള്ള 9 വയസ്സുള്ള മകനും 24 വയസ്സുള്ള ഭാര്യസഹോദരനുമാണ് നിപ്പ സ്ഥിരീകരിച്ചത്. നാലു വയസ്സുള്ള മകൾ നെഗറ്റീവാണ്. ഭാര്യാസഹോദരന്റെ പത്തു മാസം പ്രായമുള്ള കുഞ്ഞും നെഗറ്റീവാണ്. നിപ്പ സ്ഥിരീകരിച്ചവരുമായി സമ്പർക്കത്തിൽ ഉള്ളവരുടെ വിശദാംശങ്ങൾ തേടുകയാണെന്നു മന്ത്രി അറിയിച്ചു. 7 പേരാണ് ആകെ ചികിത്സയിലുള്ളത്. രോഗ ഉറവിട കേന്ദ്രങ്ങളായ രണ്ടിടങ്ങളിൽ നിയന്ത്രണം കർശനമാക്കുമെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

തിങ്കളാഴ്ച മരിച്ച വ്യക്തിക്ക് ആദ്യം മരിച്ച വ്യക്തിയുമായി ആശുപത്രിയിൽ നിന്നാണ് സമ്പർക്കമുണ്ടായത്. നിപ്പ സ്ഥിരീകരിച്ച സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ മാസ്ക് നിർബന്ധമാക്കി. നിപ്പയെ അതിജീവിച്ച അനുഭവമുള്ളതിനാൽ ആശങ്കപ്പെടേണ്ടതില്ലെന്നും മന്ത്രി പറഞ്ഞു.

# ഒരു ലോകം, ഒരു ഗ്രിഡ് പദ്ധതി യാഥാർഥ്യത്തിലേക്ക്

### വൈദ്യുതി ഗ്രിഡുകൾ കടലിനടിയിലൂടെ ബന്ധിപ്പിക്കുന്ന പദ്ധതിക്കായി സൗദിയും ഇന്ത്യയും ധാരണാപത്രം ഒപ്പുവച്ചു



**ന്യൂഡൽഹി:** ഇന്ത്യയുടെയും സൗദിയുടെയും വൈദ്യുതി ഗ്രിഡുകൾ കടലിനടിയിലൂടെ കേബിൾ വഴി ബന്ധിപ്പിക്കുന്നത് ഒരു ലോകം, ഒരു ഗ്രിഡ് എന്ന ഇന്ത്യയുടെ വിശാല സ്വപ്നത്തിന്റെ ചുവടുവയ്പ്പുകളിൽ ഒന്നാണ്. ഇന്നലെ സൗദിയും ഇന്ത്യയും ഒപ്പിട്ട ധാരണാപത്രങ്ങളിൽ പ്രധാനമാണിത്. സോളർ, വൈദ്യുതി അടക്കമുള്ള പുനരുപയോഗ ഊർജം വിവിധ രാജ്യങ്ങൾ തമ്മിൽ പങ്കുവയ്ക്കാനുള്ള വൺ സൺ, വൺ വേൾഡ്, വൺ ഗ്രിഡ് (ഒസോവോഗ്) പദ്ധതിയുടെ ഭാഗമാണിത്. ധാരണാപത്രം യാഥാർഥ്യമാകുന്നതോടെ സൗദിയും ഇന്ത്യയും ഉൽപാദിപ്പിക്കുന്ന പുനരുപയോഗ ഊർജം പരസ്പരം പങ്കുവയ്ക്കാം.

2021ൽ സ്കോട്‌ലൻഡിലെ ഗ്ലാസ്ഗോയിൽ നടന്ന ആഗോള കാലാവസ്ഥാ ഉച്ചകോടിയിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രിട്ടിഷ് പ്രധാനമന്ത്രിയായിരുന്ന ബോറിസ് ജോൺസണും ചേർന്ന് ഒസോവോഗ് പദ്ധതി പ്രഖ്യാപിച്ചത്. സൗരോർജം പകൽസമയത്ത് മാത്രമാണ് ലഭിക്കുക. ഇതിനുള്ള പരിഹാരമായാണ് പദ്ധതി. പുനരുപയോഗ ഊർജം ലോകത്തെവിടെയും രാജ്യാന്തര ഗ്രിഡ് വഴി എത്തിക്കുകയെന്നതാണ് ലക്ഷ്യം. ഉദാഹരണത്തിന് ലോകത്തിന്റെ ഒരു ഭാഗത്ത് പകൽസമയമാണെങ്കിൽ അവിടെ നിന്ന് മറുഭാഗത്ത് രാത്രിയുള്ള ഒരു സ്ഥലത്തേക്ക് പുനരുപയോഗ ഊർജം എത്തിക്കാം.

83 രാജ്യങ്ങൾ ഒസോവോഗ് അംഗീകരിച്ചിട്ടുണ്ട്. 2013 ൽ ചൈന പ്രസിഡന്റ് ഷി ചിൻപിങ് പ്രഖ്യാപിച്ച വൺ ബെൽറ്റ്, വൺ റോഡ് പദ്ധതിക്കുള്ള (ഒബിഒആർ) ഇന്ത്യൻ ബദൽ കൂടിയായാണ് ഒസോവോഗിനെ വിദഗ്ധർ കാണുന്നത്. ചൈനയിൽ നിന്ന് ഏഷ്യയുടെ മറ്റു പ്രദേശങ്ങളിലേക്കും യൂറോപ്പിലേക്കും പട്ടു കൊണ്ടുപോയിരുന്ന വഴികളിലൂടെ ആധുനിക വാണിജ്യമാർഗങ്ങൾ നിർമിക്കുകയാണു ഒബിഒആറിന്റെ ലക്ഷ്യം. റോഡിനു പകരം ഊർജമാണ് ഇതിൽ ഇന്ത്യയുടെ ബദൽ.

3 ഘട്ടമായാണ് ഒസോവോഗ് നടപ്പാക്കുന്നത്. ഗൾഫ്, ദക്ഷിണേഷ്യ, ദക്ഷിണ പൂർവേഷ്യ എന്നിവിടങ്ങളിലെ രാജ്യങ്ങളുമായി ഗ്രിഡ് ബന്ധിപ്പിക്കുകയാണ് ആദ്യഘട്ടം. രണ്ടാം ഘട്ടത്തിൽ ആഫ്രിക്കയിലേക്കും മൂന്നാം ഘട്ടത്തിൽ അവിടെ നിന്ന് മറ്റു രാജ്യങ്ങളിലേക്കുമുള്ള കണക്!ടിവിറ്റി ലക്ഷ്യം.സൗദിയുമായുള്ള ബന്ധിപ്പിക്കൽ ആദ്യഘട്ടം മാത്രം. കണക്ടിവിറ്റി വർധിക്കുന്നതോടെ പുനരുപയോഗ കൊടുക്കൽ വാങ്ങലുകൾ കൂടുതൽ കാര്യക്ഷമമാകും.

പീക് ലോഡുള്ള രാജ്യത്തേക്ക് ലോഡ് കുറവുള്ള രാജ്യത്തു നിന്നു വൈദ്യുതി എത്തിക്കാം. കേബിൾ ഇടുന്നതിനുള്ള ചെലവ് രാജ്യങ്ങൾ പരസ്പരം വഹിക്കും.

പുനരുപയോഗ ഊർജം, ഗ്രീൻ ഹൈഡ്രജൻ, എനർജി സ്റ്റോറേജ്, മേഖലയിലെ ഡിജിറ്റൽ സഹകരണം അടക്കമുള്ളവയിലും സഹകരണത്തിന് സൗദിയുമായി ധാരണയായിട്ടുണ്ട്.



## പാവക്കുളം ക്ഷേത്രത്തിൽ സംഗീതാർച്ചന

**കൊച്ചി :** നവരാത്രി ആഘോഷങ്ങളുമായി ബന്ധപ്പെട്ടുള്ള ചണ്ഡികായാഗത്തോടനുബന്ധിച്ച് കലൂർ പാവക്കുളം ക്ഷേത്രത്തിൽ സംഗീതാർച്ചനയ്ക്ക് അവസരം ഒരുക്കി ക്ഷേത്രം ഭരണ സമിതി.

ഒക്ടോബർ 22ന് രാവിലെ 8 മുതൽ 2 മണിവരെയാണ് ക്ഷേത്രാങ്കണത്തിൽ സംഗീതാർച്ചനയ്ക്ക് അവസരം. 150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. (മൃദംഗം, വയലിൻ എന്നീ പക്ക മേളം )ഉണ്ടായിരിക്കും . പങ്കെടുക്കാൻ താൽപര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 8714619005, 8547012000 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.




**ജെ സി ഐ കാക്കനാട് സൈബർ സിറ്റിയുടെ നേതൃത്വത്തിൽ അമ്മക്കുയിൽ ഓൾഡ് ഏജ് ഹോമിൽ സംഘടിപ്പിച്ച ആരോഗ്യപരിശോധന ക്യാമ്പ്**

## ജെ സി ഐ സൗജന്യ ആരോഗ്യ പരിശോധന ക്യാംപ് നടത്തി

**കൊച്ചി:** ജൈത്രയാത്ര ജെ സി ഐ വീക്ക് 2023 ന്റെ ഭാഗമായി ജെ സി ഐ കാക്കനാട് സൈബർ സിറ്റിയുടെ നേതൃത്വത്തിൽ ഒലിവ് ആയ്യുർവേദ ആശുപത്രിയുമായി ചേർന്ന് അമ്മക്കുയിൽ ഓൾഡ് ഏജ് ഹോമിൽ ആരോഗ്യപരിശോധന ക്യാംപും സൗജന്യ മരുന്നു വിതരണവും നടത്തി. ജെ സി ഐ കാക്കനാട് സൈബർ സിറ്റി പ്രസിഡന്റ് ജെഎഫ്എം സുനിത മിഥുൻ ക്യാംപ് ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഡയറക്ടർ ഐശ്വര്യ ബോസ് അധ്യക്ഷത വഹിച്ചു.

ജെ സി ഐ കാക്കനാട് സൈബർ സിറ്റിമുൻ പ്രസിഡന്റ് ജെ എഫ്എം നിഷാന്ത് കയ്യൂർ, വൈസ് പ്രസിഡന്റ് പ്രോഗ്രാം റെഫീവ്, ആദിൽ, ടിന്റു തുടങ്ങിയവർ പങ്കെടുത്തു. ജെ സി ഐ കാക്കനാട് സൈബർ സിറ്റി അംഗങ്ങളായ ഡോ.ജോബിൻ ജേക്കബ്, ഡോ.കെസിയ ജോർജ്ജ്, ഒലിവ് ആശുപത്രി സാരഥികൾ എന്നിവർ ക്യാംപിന് നേതൃത്വം നൽകി. അമ്മക്കുയിലിലെ 25 അമ്മമാരെ പരിശോധിച്ച് ആവശ്യമായ മരുന്നുകളും സൗജന്യമായി വിതരണം ചെയ്തു.

## സമഗ്ര പച്ചക്കറി വികസന പദ്ധതി: വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 10000 പച്ചക്കറി തൈകൾ വിതരണം ചെയ്തു

**വാരപ്പെട്ടി:** പഞ്ചായത്തിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്.



ഇതിന്റെ ഭാഗമായി കൃഷി വകുപ്പ് കർഷകർക്ക് ആവശ്യമായ പച്ചക്കറി തൈകൾ വിതരണം ചെയ്തു. അത്യുല്പാദനശേഷിയുള്ള വെണ്ട, വഴുതന, ചീര, മുളക് തുടങ്ങിയ പച്ചക്കറി തൈകളാണ് ലഭ്യമാക്കിയിട്ടുള്ളത്.

ആദ്യഘട്ടത്തിൽ 10000 പച്ചക്കറി തൈകളാണ് ഇത്തരത്തിൽ പഞ്ചായത്തിലുടനീളം കൃഷിവകുപ്പ് വഴി സൗജന്യമായി വിതരണം ചെയ്തിരിക്കുന്നത്. ഇനി അടുത്തഘട്ടമായി 5000 തൈകൾ കൂടി ലഭ്യമാക്കും. കർഷകരുടെ ആവശ്യം എന്താണോ അത് പരിഗണിച്ചാണ് കൃഷിക്ക് ആവശ്യമായ തൈകൾ നൽകുന്നത്.

പഞ്ചായത്തിലെ എല്ലാ വീടുകളിലേക്കും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക, ഇതുവഴി പരമാവധി ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൂടിയുണ്ട് പഞ്ചായത്തിന്. കേവലം തൈകൾ വിതരണം ചെയ്യുന്നതിന് പുറമെ അവയുടെ പരിചരണത്തിന് ആവശ്യമായ സഹായങ്ങളും ഉറപ്പാക്കും. മികച്ച രീതിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് അംഗീകാരം എന്ന നിലയിൽ പഞ്ചായത്ത് അവാർഡ് നൽകുമെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ ചന്ദ്രശേഖരൻ നായർ പറഞ്ഞു.

# വൈദ്യുതി ലഭിച്ചില്ല; അൻപതു വയൽ പദ്ധതി പ്രവർത്തനം വൈകുന്നു

**പുൽപള്ളി:** കബനിയിൽ നിന്നു വെള്ളമെടുത്ത് അൻപതുവയൽ പ്രദേശത്ത് ജലസേചനം നടത്താൻ നിർമിച്ച പദ്ധതിയുടെ പ്രവർത്തനം വൈകുന്നു. കഴിഞ്ഞ മാർച്ചിൽ പണി പൂർത്തീകരിച്ച് കൃഷിയിടങ്ങളിൽ വെള്ളമെത്തിക്കേണ്ട പദ്ധതി നിർമാണം ഏതാണ്ട് പൂർത്തിയായെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കബനിപ്പുഴയോരത്ത് വലിയ പമ്പ്ഹൗസ് നിർമിച്ചു. ഇതിന്റെ നിർമാണത്തിനിടെ മണ്ണിടിഞ്ഞ് തൊഴിലാളി മരിച്ചിരുന്നു.



കുറച്ചുകാലം മുടങ്ങിയ നിർമാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയായി. 60 കുതിരശക്തിയുള്ള 3 മോട്ടറുകൾ സ്ഥാപിച്ചു. ഒന്നര കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് അൻപതുവയലിൽ 2 ടാങ്കുകളും ജലവിതരണത്തിന് കനാലും നിർമിച്ചു. മഴ കുറഞ്ഞപ്പോഴും വെള്ളം കിട്ടുമെന്നു കരുതി കൃഷിയിറക്കിയവർ വെട്ടിലായി. അൻപതുവയലിലും തൊട്ടടുത്ത കൃഗന്നൂർ വയലിലും ജലസേചനം നടത്താനാവുന്ന പദ്ധതിയാണിത്.

തീരെ മഴ കുറഞ്ഞതോടെ നടീലിന് ഞാറു പാകിയവർ ഗതികേടിലായി. 10 ഏക്കർ സ്ഥലത്തെ കൃഷി മുടങ്ങി. പറമറ്റത്തിൽ ജോർജ്, ചൂണ്ടനാൽ ടോമി, ബേബി, ജോസ്, കുറ്റിക്കാട്ടിൽ സതീശൻ, മങ്ങാട്ട് ജോയി, കടപ്പാക്കൽ ജോണി, സജി പറമറ്റം, പുളിവേലിൽ ബേബി, സജി എന്നിവരുടെ നെൽക്കൃഷിയാണ് മുടങ്ങിയത്. മൂപ്പു കഴിഞ്ഞ ഞാറ് ഇനി നടാനും സാധിക്കില്ല. കിട്ടിയ വെള്ളം ചാലിച്ച് നെല്ലുനട്ടവരും ആശങ്കയിലാണ്. കാലവർഷം ദുർബലമായതോടെ പാടം വിണ്ടുകീറി.

പദ്ധതിപ്രദേശത്ത് വൈദ്യുതി എത്തിയിട്ടുണ്ട്. കൊളവള്ളി ഒന്ന് പദ്ധതിയും ഇവിടെയാണ് ഹൈടെൻഷൻ ലൈനും ട്രാൻസ്ഫോമറും ഇവിടെയുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ജലവിഭവ വകുപ്പ് കെഎസ്ഇബിയിൽ പണമടച്ചിട്ടില്ല. ആവശ്യമായ പരിശോധനകളും പൂർത്തിയായില്ല.

# പ്രതിസന്ധി മറികടക്കാനാകാതെ ചെറുകിട ഇരുമ്പ് ഉപകരണ നിർമാണ മേഖല

**ഷൊർണൂർ:** പരാധീനതകളുടെ പടവുകൾ താണ്ടാനാവാതെ ഷൊർണൂരിലെ ചെറുകിട ഇരുമ്പ് ഉപകരണ നിർമാണ മേഖല. തദ്ദേശീയമായി വിപണികളില്ലാത്തതും സാമ്പത്തിക പരാധീനതകളുമടക്കം ചെറുകിട വ്യവസായികൾക്ക് പറയാനുള്ളത് പരാധീനതകൾ മാത്രം.



നൂറുകണക്കിന് ചെറുകിട വ്യവസായികളുണ്ടായിരുന്ന ഷൊർണൂരിൽ ഇവരുടെ ഉല്പന്നങ്ങൾ വില്ക്കാനും നിർമിക്കാനുമായി പദ്ധതിയിട്ട കെട്ടിട സമുച്ചയത്തിൻറെ നിർമാണവും തുശങ്കുവിലാണ്. കുളപ്പുള്ളി മെറ്റൽ ഇൻഡസ്ട്രീസിന് സമീപമുള്ള വ്യവസായ വകുപ്പിൻറെ സ്ഥലത്ത് നാല് വർഷം മുമ്പ് തറക്കല്ലിട്ട കെട്ടിട നിർമാണ നടപടികൾ തറക്കല്ലിടലിൽ തന്നെ കിടക്കുകയാണ്. കെട്ടിട സമുച്ചയത്തിന് വ്യവസായമന്ത്രി തന്നെയാണ് അന്ന് തറക്കല്ലിട്ടത്.

എന്നാൽ, നിർമാണപ്രവൃത്തികൾ ഒന്നുമുണ്ടായില്ലന്നാണ് വ്യവസായികളുടെ പരാതി.

വർഷങ്ങൾ പിന്നിട്ടിട്ടും കെട്ടിടം നിർമിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റാൻ കഴിഞ്ഞിട്ടില്ലെന്നാണ് അധികൃതരുടെ വിശദീകരണം. മരങ്ങൾ മുറിച്ചുമാറ്റിയാൽ മാത്രമേ നിർമാണ പ്രവൃത്തികൾക്കായി സ്ഥലം കൈമാറാനാകൂ.

വർഷങ്ങൾ പലത് പിന്നിട്ടതോടെ വ്യവസായ സമുച്ചയത്തിൻറെ നിർമാണച്ചെലവും വർധിച്ചു. നിർമാണത്തിന് അനുമതി നല്കിയ സമയത്തെ എസ്റ്റിമേറ്റ് പുതുക്കിയായിരിക്കും ഇനി നിർമാണം ആരംഭിക്കാനാവുക.

സമുച്ചയം വരുന്നതോടെ നൂറോളം ചെറുകിട വ്യവസായികൾക്ക് കെട്ടിടത്തിൽ സ്ഥലം അനുവദിക്കാനാവും.

## പാർലമെന്റിൽ പ്രസംഗിക്കാൻ യുവജനങ്ങൾക്ക് അവസരം

അമൃത മഹോത്സവത്തോടനുബന്ധിച്ച് ദേശീയ നേതാക്കൾക്ക് ആദരമർപ്പിക്കുന്നതിനായി ഒക്ടോബർ രണ്ടിന് പാർലമെന്റിൽ കേന്ദ്ര സർക്കാർ സംഘടിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുക്കാനും പ്രസംഗിക്കാനും യുവജനങ്ങൾക്ക് അവസരം. ജില്ലാസംസ്ഥാന തല പ്രസംഗ മത്സരങ്ങൾ വഴിയാണ് പങ്കെടുക്കുന്നവരെ തെരഞ്ഞെടുക്കുന്നത്. ജില്ലാ മത്സരത്തിൽ നെഹ്റു യുവ കേന്ദ്ര തെരഞ്ഞെടുക്കുന്ന ഒരാൾക്ക് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാം. ഓരോ സംസ്ഥാനത്തുനിന്നും ഒരാൾക്കാണ് അവസരം.

2023 ഒക്ടോബർ ഒന്നിന് 18 നും 29 നും മധ്യേ പ്രായപരിധിയിലുള്ള പാലക്കാട് സ്വദേശികൾക്ക് മത്സരിക്കാം. ലാൽ ബഹദൂർ ശാസ്ത്രിയുടെ പൈതൃകവും ജീവിതവും എന്ന വിഷയത്തിൽ ഇംഗ്ലീഷിലോ ഹിന്ദിയിലോ മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള പ്രസംഗ വീഡിയോ ഗൂഗിൾ ഫോമിൽ അപ്ലോഡ് ചെയ്യണം. സെപ്റ്റംബർ 15 ന് വൈകിട്ട് അഞ്ച് വരെ അപേക്ഷിക്കാം.

വിശദാംശങ്ങൾക്കും ഗൂഗിൾ ലിങ്ക് ലഭിക്കുന്നതിനും 9447377592 ൽ ബന്ധപ്പെടണമെന്ന് ജില്ലാ യൂത്ത് ഓഫീസർ അറിയിച്ചു.

# നിപ: മലയോര മേഖലയിൽ ആശങ്ക



**മുക്കം:** ജില്ലയിൽ കേന്ദ്ര ആരോഗ്യമന്ത്രാലയം നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ മലയോര മേഖലയിൽ ആശങ്ക. മലയോര മേഖലയിലെ നിരവധി സ്ഥലങ്ങളിലാണ് വവ്വാലുകളുടെ ആവാസ മേഖലകൾ ഉള്ളത്.

സർക്കാർ ഏതൊക്കെ തരത്തിലാണ് നിയന്ത്രണങ്ങൾ നടപ്പിലാക്കുക എന്നതിൽ ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. പേരാമ്പ്രയിൽ മുൻപ് നിപ സ്ഥിരീകരിച്ചതിനുശേഷം മലയോര മേഖലയുടെ വിവിധ ഭാഗങ്ങളിൽ വനം വകുപ്പിൻറെ നേതൃത്വത്തിൽ എല്ലാവർഷവും വവ്വാലുകളുടെ ആവാസ മേഖലകളിൽ പരിശോധനയും നടത്താറുണ്ട്.

മാസങ്ങൾക്ക് മുൻപും മുൻകരുതൽ നടപടികളുടെ ഭാഗമായി വിദഗ്ധ സംഘം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തിയിരുന്നു. പൂനെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞരായ ഡോ. ഉല്ലാസ്, ഡോ. കണ്ണൻ, വനംവകുപ്പിലെ ഡോ. അരുൺ സത്യൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

കൊടിയത്തൂർ, മാനിപുരം, മണാശേരി, കൊടുവള്ളി എന്നിവിടങ്ങളിലാണ് സംഘം എത്തിയിരുന്നത്. ഈ പ്രദേശങ്ങളിൽ വവ്വാലുകളുടെ എണ്ണം എത്രത്തോളം വർധിച്ചു, ആവാസ വ്യവസ്ഥയിൽ വന്ന മാറ്റം തുടങ്ങിയവയാണ് പ്രധാനമായും അന്ന് പരിശോധിച്ചത്.

ചാത്തമംഗലം പഞ്ചായത്തിലെ പാഴൂരിനടുത്ത് 2021 സെപ്റ്റംബർ അഞ്ചിന് പുലർച്ചെ നിപ ബാധിച്ച് 13കാരൻ മരിച്ചിരുന്നു. നിപ സ്ഥിരീകരിച്ചതോടെ പഴ വിപണിയിൽ അതിൻറെ പ്രതിഫലനം കണ്ടു തുടങ്ങി. പഴങ്ങൾ വാങ്ങാൻ എത്തുന്നവരുടെ എണ്ണം കുറയുന്നതായി വ്യാപാരികൾ ചൂണ്ടിക്കാണിക്കുന്നു.

വരും ദിവസങ്ങളിൽ പ്രതിസന്ധി രൂക്ഷമാകുമെന്ന് വ്യാപാരികൾ ചൂണ്ടിക്കാണിക്കുന്നു. അപ്രതീക്ഷിതമായി വന്നെത്തിയ നിപ സ്ഥീകരണം വലിയ ആശങ്കയാണ് വ്യാപാരികൾക്ക് നൽകുന്നത്.

ആയഞ്ചേരി പഞ്ചായത്ത് വാർഡ് 13 മംഗലാട് നിപ സ്ഥിതീകരിച്ചതിനെ തുടർന്ന് പഞ്ചായത്തിൽ അടിയന്തര യോഗം ചേർന്നു. പ്രസിഡൻറ് കാട്ടിൽ മൊയ്തു അധ്യക്ഷത വഹിച്ചു.

വൈസ് പ്രസിഡൻറ് സരള കൊള്ളിക്കാവിൽ, ടി.വി കുഞ്ഞിരാമൻ, വി.എം. ലതിക, മെഡിക്കൽ ഓഫീസർ ഡോ. ഹൃദ്യ, ഹെൽത്ത് ഇൻസ്പെക്ടർ സജീവൻ എന്നിവർ സംബന്ധിച്ചു. ആയഞ്ചേരി പഞ്ചായത്തിൽ കൺട്രോൾ റൂം ആരംഭിക്കുന്നതിന് തീരുമാനിച്ചു. കൺട്രോൾ റൂം നമ്പർ 0496 2580265.

വാർഡ് 13, 14, 2, 3 എന്നീ നാല് വാർഡുകൾ ക്വാറൻറൈൻ വാർഡുകളായി പ്രഖ്യാപിക്കുനതിന് തീരുമാനിച്ചു. സമ്പർക്ക പട്ടിക തയാറാക്കുന്നതിനും നാല് വാർഡുകളിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ജാഗ്രതാ നിർദ്ദേശങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നതിനും തീരുമാനിച്ചു.

പഞ്ചായത്തിൽ രോഗ പ്രതിരോധ ആവശ്യത്തിന് വാഹനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.

നാല് വാർഡുകളിൽ ഭക്ഷണം മരുന്ന് എന്നിവ എത്തിക്കുന്നതിന് വാർഡ് മെമ്പർമാർക്ക് ചുമതല നൽകി.

# നിപ്പ പോലെയുള്ള മാരക രോഗങ്ങളെ നേരിടാൻ ഐസലേഷൻ ബ്ലോക്ക്

## പദ്ധതി നടപ്പാക്കാതെ 5 വർഷം



**കോഴിക്കോട്:** ഗവ. മെഡിക്കൽ കോളജ് ആശുപത്രിയോടു ചേർന്ന് ഐസലേഷൻ ബ്ലോക്ക് ഒരുക്കാനുള്ള പദ്ധതി 5 വർഷം കഴിഞ്ഞിട്ടും യാഥാർഥ്യമായില്ല. 2018 മേയിൽ നിപ്പ ബാധയുണ്ടായപ്പോഴാണ് മെഡിക്കൽ കോളജിൽ ഐസലേഷൻ ബ്ലോക്ക് നിർമിക്കണമെന്ന ആവശ്യമുയർന്നത്. ഇതു പ്രകാരം പദ്ധതി സർക്കാരിലേക്ക് സമർപ്പിച്ചു. പിന്നീട് ബജറ്റിൽ സംസ്ഥാന സർക്കാർ 25 കോടി രൂപ വകയിരുത്തി.

എന്നാൽ കോഴിക്കോട് മാത്രം പോര തിരുവനന്തപുരത്തും വേണമെന്നായി. ഇതു പ്രകാരം അടുത്ത ബജറ്റിൽ രണ്ടിടത്തും 25 കോടി രൂപ വീതം വകയിരുത്തി. നടപടികൾ ഇങ്ങനെ നീണ്ടുപോയി. പിന്നീട് ഇതേക്കുറിച്ച് ചോദ്യം ഉയർന്നപ്പോൾ ഇതിനു മെഡിക്കൽ കോളജ് ക്യാംപസിൽ 3 സ്ഥലങ്ങൾ കണ്ടെത്തി നൽകാൻ നിർദേശിച്ചു. ഇതു പ്രകാരം പഞ്ചാരക്കുന്ന്, ടെ!ർഷറി കാൻസർ സെന്ററിനു സമീപം തുടങ്ങിയ സ്ഥലങ്ങൾ നിർദേശിച്ചു. എന്നാൽ നിപ്പ പോലെയുള്ള മാരക രോഗങ്ങൾ റിപ്പോർട്ട് ചെയ്യാത്ത സമയത്ത് മറ്റു രോഗികളെ പ്രവേശിപ്പിക്കാൻ പറ്റുന്ന തരത്തിൽ ആശുപത്രിയിൽ നിന്ന് കൂടുതൽ അകലയല്ലാത്ത സ്ഥലം കണ്ടെത്തണമെന്ന നിർദേശം ഉയർന്നു. ഇതു പ്രകാരം എ ടൈപ്പ് ക്വാർട്ടേഴ്സുള്ള സ്ഥലത്ത് കെട്ടിടം നിർമിക്കാമെന്നായി. ഇതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഐസലേഷൻ ബ്ലോക്ക് നിർമിക്കാൻ സർക്കാരിൽ നിന്ന് അനുമതി ലഭിച്ചു. തുടർന്ന് ഇവിടെ ഉണ്ടായിരുന്ന 2 ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി. ഈ സ്ഥലം ഇപ്പോൾ കാടുപിടിച്ചു കിടക്കുകയാണ്. നിപ്പ വീണ്ടും റിപ്പോർട്ട് ചെയ്തപ്പോഴാണ് മെഡിക്കൽ കോളജിൽ ഐസലേഷൻ ബ്ലോക്ക് ഒരുക്കുന്ന ഫയലിനെ കുറിച്ചു വീണ്ടും ചർച്ച ഉയർന്നത്.

# ചെറുതോണിയിൽ ഹരിത കാർഷിക വിപണന കേന്ദ്രം ആരംഭിച്ചു

**ഇടുക്കി:** ഹരിത കാർഷിക വിപണന കേന്ദ്രത്തിന്റെ ജില്ലാ തല ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജി ചന്ദ്രൻ നിർവഹിച്ചു. കർഷകർ ധാരാളം വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ കൈത്താങ്ങാവുക എന്ന ലക്ഷ്യമാണ് മുന്നിലുള്ളതെന്നും അതിനുള്ള പ്രവർത്തനങ്ങളെ അതീവ പ്രാധാന്യത്തോടെയാണ് കാണുന്നതെന്നും പ്രസിഡന്റ് പറഞ്ഞു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്തംഗം നിമ്മി ജയൻ അധ്യക്ഷത വഹിച്ചു. പ്രാഥമിക സഹകരണസംഘം അസോസിയേഷൻ ജില്ലാ സെക്രട്ടറി റോമിയോ സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തുകയും കർഷകർക്ക് ഉത്പന്നങ്ങളുടെ തുക കൈമാറുകയും ചെയ്തു.

സംസ്ഥാനസർക്കാർ കാർഷികമേഖലയിൽ വിളകളുടെ ഉൽപാദനത്തിനും വിപണനത്തിനും പ്രാധാന്യം നൽകുന്ന കരുതൽ പദ്ധതിയുടെ ഭാഗമായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ചെറുതോണിയിൽ ജൈവഗ്രാം സൊസൈറ്റിയ്ക്ക് സമീപമാണ് കാർഷിക വിപണന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കർഷകർ ഹരിത എന്ന സംഘം രൂപീകരിച്ച് ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് ശേഖരിച്ച് പൊതുജനങ്ങൾക്ക് വിഷരഹിതമായി ലഭ്യമാക്കുന്നു.

202223 വാർഷിക പാതിയിൽ 6,75,000 രൂപ വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് തലത്തിൽ കാർഷിക വിപണന കേന്ദ്രങ്ങൾ സജ്ജമാക്കിക്കൊണ്ട് കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ജില്ലയിലെ കാർഷിക ഉൽപന്നങ്ങളുടെ പരമാവധി വിപണനം സാധ്യമാക്കുകയും ചെയ്യുന്നതിനായി കൃഷി വകുപ്പിന്റെ കൂടി സഹകരണത്തോടെ പരമാവധി ഉൽപന്നങ്ങൾ കയറ്റുമതി/മൊത്തവ്യാപാര കമ്പോളങ്ങളിലൂടെ വിറ്റഴിച്ച് കർഷകരുടെ ജീവിതസാമ്പത്തിക നിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

ഇടുക്കി ബ്ലോക്കിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക വിളകൾ എല്ലാ തിങ്കളാഴ്ചയും വിപണന കേന്ദ്രത്തിൽ വിൽക്കാനും വാങ്ങാനും സാധിക്കും.

പരിപാടിയിൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് അംഗം പ്രഭ തങ്കച്ചൻ, ഹരിത സംഘം സെക്രട്ടറി എം വി ബേബി, കൃഷി ഓഫീസർ ലിനറ്റ് ജോർജ്, ഹരിത സംഘം പ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മിഷൻ അദാലത്ത് 29, 30 തീയതികളിൽ

**പാലക്കാട്:** സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മിഷൻ നിലവിലുള്ള പരാതികൾ തീർപ്പാക്കുന്നതിനായി സെപ്റ്റംബർ 29, 30 തീയതികളിൽ രാവിലെ 10.30 മുതൽ വൈകിട്ട് അഞ്ച് വരെ ജില്ലാ പഞ്ചായത്ത് ഹാളിൽ പരാതി പരിഹാര അദാലത്ത് നടത്തും.

കമ്മിഷൻ ചെയർമാൻ ബി.എസ് മാവോജി, അംഗങ്ങളായ എസ്. അജയകുമാർ, അഡ്വ. സൗമ്യ സോമൻ എന്നിവർ അദാലത്തിന് നേതൃത്വം നൽകും. പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാരുടെ വിവിധ വിഷയങ്ങളിൽ കമ്മിഷനിൽ നൽകിയിട്ടുള്ളതും വിചാരണയിലിരിക്കുന്നതുമായ കേസുകളിൽ പരാതിക്കാരെയും എതിർകക്ഷികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ട് പരാതികൾ തീർപ്പാക്കും.

അദാലത്തിൽ പുതിയ പരാതികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കുന്നതിനും അവസരം ഉണ്ടായിരിക്കും. പോലീസ്, റവന്യൂ, വനം, വിദ്യാഭ്യാസം, പഞ്ചായത്ത്, ആരോഗ്യം, സഹകരണം, പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് ഉദ്യോഗസ്ഥർ അദാലത്തിൽ പങ്കെടുക്കും.

## കെൽട്രോൺ ജേർണലിസം കോഴ്സ്: അപേക്ഷ 15 വരെ

**പാലക്കാട്:** കെൽട്രോണിന്റെ ഒരു വർഷത്തെ മാധ്യമ പഠന ബിരുദാനന്തര ബിരുദ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷിക്കാം. പ്രിന്റ് മീഡിയ ജേർണലിസം, ടെലിവിഷൻ ജേർണലിസം, മൊബൈൽ ജേർണലിസം, ഡാറ്റാ ജേർണലിസം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ജേർണലിസം, ആങ്കറിങ്, ന്യൂസ് ക്യാമറ, വീഡിയോ എഡിറ്റിങ് തുടങ്ങിയവയിലാണ് പരിശീലനം. പഠനത്തോടൊപ്പം മാധ്യമസ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനും അവസരം ഉണ്ടായിരിക്കും. 30 വരെ പ്രായമുള്ള, ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 9544958182



# ഗവ. മെഡിക്കൽ കോളജ് ആശുപത്രി വിദഗ്ധ ചികിത്സയ്ക്ക് വഴിയില്ലാതെ രോഗികൾ

**കൊല്ലം:** ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ വിദഗ്ധ ചികിത്സയ്ക്കായി രോഗികൾ ആശ്രയിക്കുന്ന ഒപികൾ പലതും പ്രവർത്തിക്കുന്നില്ല. ന്യൂറോളജി, യൂറോളജി, നെഫ്രോളജി, ഗാസ്ട്രോ എൻട്രോളജി തുടങ്ങിയ ഒപികളുടെ സേവനം അടിയന്തരമായി ലഭ്യമാക്കണമെന്നാണ് ആവശ്യം. കാർഡിയോളജി ഒപി സേവനം നിലവിൽ മൂന്നു ദിവസം പ്രവർത്തിക്കുന്നുള്ളൂ. ഞായറാഴ്ചകളിൽ ഒപി പ്രവർത്തിക്കുന്നില്ല. ജനറൽ ഒപി ബാക്കി തിങ്കൾ മുതൽ ശനിയാഴ്ച വരെ പ്രവർത്തിക്കുന്നുണ്ട്. ത്വക്‌രോഗ വിഭാഗം, ഇഎൻടി, ഗൈനക്കോളജി, മാനസിക രോഗം വിഭാഗം, നേത്രരോഗ വിഭാഗം, ശിശുരോഗ വിഭാഗം, എല്ലുരോഗ വിഭാഗം തുടങ്ങിയവയുടെ ഒപിയും എല്ലാ ദിവസവും പ്രവർത്തിക്കുന്നുണ്ട്. ദന്തരോഗ വിഭാഗം വെള്ളിയാഴ്ചകളിൽ പ്രവർത്തിക്കുന്നില്ല. ഡയബറ്റിക്, ഹൈപ്പർ ടെൻഷൻ ക്ലിനിക്കുകളുടെ പ്രവർത്തനവും ഇനിയും തുടങ്ങിയിട്ടില്ല. കാൻസർ കണ്ടുപിടിക്കാനും ചികിത്സിക്കാനുള്ള ഓങ്കോളജി വിഭാഗം ആരംഭിക്കണമെന്നാണ് മറ്റൊരാവശ്യം.

സന്ധിവാതം ഉൾപ്പെടെയുള്ള രോഗികളെ ചികിത്സിക്കാനുള്ള റുമറ്റോളജി വിഭാഗവും വൈകാതെ ആരംഭിക്കണം. നിലവിൽ വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികളെ മറ്റേതെങ്കിലും ആശുപത്രിയിലേക്ക് റഫർ ചെയ്യുകയാണ് പതിവ്. പ്രവർത്തനം തുടങ്ങിയിട്ടു വർഷങ്ങളായെങ്കിലും പാരിപ്പള്ളി മെഡിക്കൽ കോളജ് ആശുപത്രിയിൽ വികസനങ്ങൾ പുരോഗമിച്ചിട്ടില്ല. വിദഗ്ധ ഡോക്ടർമാരിൽ പലരും മറ്റ് മെഡിക്കൽ കോളജിലേക്ക് സ്ഥലംമാറി പോകുന്നുണ്ട്.

അവർക്കു പകരമായി അതേ വിഭാഗത്തിലെ വിദഗ്ധരെ പാരിപ്പള്ളിയിൽ ലഭ്യമാക്കണം. ഇഎസ്ഐ കോർപറേഷനിൽ നിന്ന് ആശുപത്രി കെട്ടിടം ഉൾപ്പെടെ 18 ഏക്കർ സ്ഥലമാണ് സർക്കാർ ഏറ്റെടുത്തത്. കൂടുതൽ കെട്ടിടങ്ങൾ നിർമിക്കാൻ ആവശ്യമെങ്കിൽ സ്ഥലം ഏറ്റെടുക്കാനുള്ള സൗകര്യവുമുണ്ട്. വൈദ്യ സഹായം തേടി സർക്കാർ മെഡിക്കൽ കോളജ് ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണക്കാരുടെ ആവശ്യം കൂടി സർക്കാർ കണക്കിലെടുക്കണമെന്നാണ് ആവശ്യം.

# പുനലൂർ ചെങ്കോട്ട ട്രെയിനുകളിൽ കോച്ചുകളുടെ എണ്ണം കൂട്ടിയേക്കും

**പത്തനംതിട്ട:** കൊല്ലം ചെങ്കോട്ട പാതയിലോടുന്ന ട്രെയിനുകളിൽ കോച്ചുകളുടെ എണ്ണം കൂട്ടാൻ വഴി തെളിയുന്നു. റെയിൽവേയുടെ കീഴിലുള്ള റിസർച്ച് ഡിസൈൻസ് ആൻഡ് സ്റ്റാൻഡേഡ്സ് ഓർഗനൈസേഷൻ ടെസ്റ്റിങ് ഡയറക്ടറേറ്റ് വൈകാതെ പാതയിൽ പരിശോധന നടത്തും. പാതയിൽ പരീക്ഷണ ഓട്ടം നടത്തണമെന്ന് ആവശ്യപ്പെട്ടു ദക്ഷിണ റെയിൽവേ, ആർഡിഎസ്ഒയ്ക്കു കത്തു നൽകിയതിനെ തുടർന്നാണു നടപടി. മറ്റു റൂട്ടുകളിൽ 22 മുതൽ 24 വരെ കോച്ചുകളുള്ള ട്രെയിനുകൾ സർവീസ് നടത്തുമ്പോൾ പുനലൂർ ചെങ്കോട്ട പാതയിൽ 14 കോച്ചുകൾ മാത്രമാണു ട്രെയിനുകളിലുള്ളത്. ഇതു മൂലം യാത്രക്കാർക്ക് ഇതുവഴിയുള്ള ട്രെയിനുകളിൽ ടിക്കറ്റ് കിട്ടാത്ത സ്ഥിതിയുണ്ട്.



തിരുനെൽവേലി പാലക്കാട്, മധുര ഗുരുവായൂർ എക്സ്പ്രസ്, ചെന്നൈ കൊല്ലം എക്സ്പ്രസ്, എറണാകുളം വേളാങ്കണ്ണി ട്രെയിനുകളിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ഗുരുവായൂർ മധുര ട്രെയിനിലും പാലരുവിയിലും രാവിലെ കാലുകുത്താൻ സ്ഥലമില്ല. യാത്രക്കാരുണ്ടെങ്കിലും കോച്ചുകൾ കൂട്ടാനാകുന്നില്ലെന്ന പ്രതിസന്ധിയാണു റെയിൽവേ നേരിടുന്നത്. 14 കോച്ചുകളിൽ കൂടുതൽ ഓടിക്കാൻ കഴിയാത്തതിനാൽ ചെങ്കോട്ടയിൽ യാത്ര അവസാനിപ്പിക്കുന്ന 22 കോച്ചുകളുള്ള ട്രെയിനുകൾ കൊല്ലത്തേക്കു നീട്ടാനും കഴിയുന്നില്ല. കുറച്ചു കോച്ചുകൾ മാത്രമുള്ള ഇപ്പോഴുള്ള സർവീസുകൾ വലിയ സാമ്പത്തിക ബാധ്യതയും റെയിൽവേക്കു വരുത്തി വയ്ക്കുന്നുണ്ട്.

കോച്ചുകളുടെ എണ്ണം 20 ആക്കി ഉയർത്തണമെന്നു കാണിച്ചു എംപിമാരും കത്തു നൽകിയിട്ടുണ്ട്. ഇതിലും കഠിനമായ വളവുകളും കയറ്റിറക്കങ്ങളുമുള്ള രാജ്യത്തെ മറ്റു ഗാട്ട് സെക്ഷനുകളിൽ 24 കോച്ചുകളുള്ള ട്രെയിനുകൾ റെയിൽവേ ഓടിക്കുന്നുണ്ട്. സാങ്കേതിക വശം പരിശോധിച്ചു ആർഡിഎസ്ഒ അനുമതി നൽകിയാൽ കോച്ചുകൾ കൂട്ടാൻ തടസ്സമില്ലെന്ന നിലപാടിലാണു അധികൃതർ.

## പ്രവേശന പരീക്ഷ നടപടിക്രമങ്ങൾ: മാന്വലുകൾ പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** വിവിധ പ്രവേശന പരീക്ഷകളുടെ കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ അടക്കമുള്ള പ്രവർത്തനങ്ങളും പ്രോട്ടോക്കോളുകളും മാർഗ്ഗനിർദ്ദേശങ്ങളുമുൾപ്പെടുത്തി പ്രവേശന പരീക്ഷാ കമ്മിഷണർ ഓഫീസ് മാന്വൽ പുറത്തിറക്കി. ഡിപ്പാർട്ട്മെന്റ് പരീക്ഷകളും അലോട്ട്മെന്റ് സംവിധാനങ്ങളും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്ന സോഫ്റ്റ്‌വെയർ യൂസർ മാന്വലിന്റെ പ്രകാശനം ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു.

നിയമസഭാ സമുച്ചയത്തിലെ മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ പ്രവേശന പരീക്ഷ കമ്മിഷണർ അരുൺ കെ വിജയൻ, ജോയിന്റ് കമ്മിഷണർ (കമ്പ്യൂട്ടർ) പ്രൊഫ. ബേബി സൈല, ജോയിന്റ് കമ്മിഷണർ (അക്കാഡമിക്) ഡോ. ഷാബു എസ് ജെ എന്നിവർ പങ്കെടുത്തു.



## സ്വച്ഛ് ഭാരത് ലോഗോ പ്രകാശനം ചെയ്തു

**തൃശൂർ:** സ്വച്ഛ് ഭാരത് മിഷൻ അർബൻ 2.0 ഇന്ത്യൻ സ്വച്ഛത ലീഗ് സീസൺ 2 മത്സരത്തിന്റെ ഭാഗമായി കുന്നംകുളം നഗരസഭ സ്വച്ഛ് ഭാരത് മിഷൻ പ്രവർത്തനങ്ങളുടെ ലോഗോ പ്രകാശനം നടത്തി.

നഗരസഭ അങ്കണത്തിൽ ചെയർപേഴ്സൺ സീത രവീന്ദ്രൻ പ്രകാശനം ചെയ്തു. വൈസ് ചെയർപേഴ്സൺ സൗമ്യ അനിലൻ, സ്ഥിരംസമിതി അധ്യക്ഷന്മാരായ പി എം സുരേഷ്, സജിനി പ്രേമൻ, ടി സോമശേഖരൻ, പ്രിയ സജീഷ്, പി കെ ഷെബീർ, സെക്രട്ടറി വി എസ് സന്ദീപ് കുമാർ, സിസിഎം ആറ്റ്‌ലി പി ജോൺ തുടങ്ങിയവർ പങ്കെടുത്തു.

സ്വച്ച് ഭാരത് മിഷൻ അർബൻ 2.0 ഇന്ത്യൻ സ്വച്ഛത ലീഗ് സീസൺ 2 മത്സരത്തിന്റെ ഭാഗമായി 17 വരെ വിവിധ പരിപാടികൾ സംഘടിക്കുന്നുണ്ട്. ഇന്ന് (13 ന്) രാവിലെ 9.30 ന് ബെഥനി സ്കൂളിൽ വിദ്യാർത്ഥികളെ അണിനിരത്തി ഹ്യൂമൻ ചെയിൻ, 10 ന് അശ്വമേധ പ്രചാരണത്തിന്റെ ഫ്ലാഗ് ഓഫ്, വൈകീട്ട് 7 ന് ടൗൺഹാളിൽ സ്വച്ഛത ലക്ഷദീപം തെളിയിക്കൽ എന്നിവ നടക്കും.

## നൈപുണ്യ പരിശീലന പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലിനു കീഴിലെ മുൻനിര പദ്ധതിയും, അഞ്ചുവർഷംകൊണ്ട് 20 ലക്ഷം വിജ്ഞാനാധിഷ്ഠിത തൊഴിലുകൾക്ക് അവസരം ഒരുക്കുകയും ചെയ്യുന്ന കേരള നോളജ് ഇക്കണോമി മിഷൻ അത്യാധുനിക നൈപുണ്യ പരിശീലന പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പുതുതലമുറ വിജ്ഞാന തൊഴിലുകളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരുവാൻ സഹായിക്കുന്ന പരിശീലന പ്രോഗ്രാമുകളാണ് സർക്കാർസ്വകാര്യ മേഖലയിലെ പരിശീലന പങ്കാളിത്തത്തോടെ ആരംഭിക്കുന്നത്. ഈ വർഷം 50,000ത്തിൽ അധികം യുവതി യുവാക്കൾക്ക് പരിശീലനം നൽകുകയും, പരിശീലനം പൂർത്തീകരിക്കുന്നവർക്ക് നോളജ് മിഷനിലൂടെ വിജ്ഞാന തൊഴിലുകളിലേക്ക് അവസരം നൽകുകയും ചെയ്യും.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ https://bit.ly/Kkemskillregistration എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യണം. അവസാന തീയതി സെപ്റ്റംബർ 20.

സ്കിൽ പ്രോഗ്രാമുകളിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും അഡ്മിഷനു മുന്നേ സ്കിൽ ഓറിയന്റേഷൻ നൽകും. അതുവഴി തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന പരിശീലന പ്രോഗ്രാമുകളെ കുറിച്ചും അതിനുശേഷം ഉള്ള പ്ലേസ്മെന്റിനെക്കുറിച്ചുള്ള വിശദവിവരം ഓരോ ഉദ്യോഗാർത്ഥിക്കും ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക്: 04712737881, www.knowledgemission.kerala.gov.in.

### ചികിൽസാ പാക്കേജു പരിഷ്കരിക്കാൻ സർക്കാർ തയ്യാറാകുന്നില്ല

# കാരുണ്യ പദ്ധതി സേവനം നിർത്തുകയാണെന്ന് സ്വകാര്യ ആശുപത്രികൾ

**കൊച്ചി:** കോടികളുടെ കുടിശിഖ തീർക്കാതെയും ചികിൽസാ പാക്കേജ് പരിഷ്ക്കരണം നടപ്പിലാക്കാതെയും സർക്കാർ അനാസ്ഥ തുടരുന്ന സാഹചര്യത്തിൽ ഒക്ടോബർ ഒന്നു മുതൽ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴിയുള്ള സേവനങ്ങൾ നിർത്തുകയാണെന്ന് കേരള പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ.ഹുസൈൻ കോയ തങ്ങൾ,ജനറൽ സെക്രട്ടറി ഡോ.അൻവർ മുഹമ്മദ് അലി,ട്രഷറർ ഡോ. ഇ കെ രാമചന്ദ്രൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 300 കോടിയോളം രൂപയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി കുടിശിഖ ഇനത്തിൽ കേരളത്തിലെ സ്വകാര്യ ആശുപത്രികൾക്ക് സർക്കാരിൽ നിന്നും ലഭിക്കാനുള്ളത്.നാഷണൽ ഹെൽത്ത് അതോരിറ്റി 2021 ൽ അംഗീകരിച്ച പുതുക്കിയ ചികിൽസാ പാക്കേജുകളും (എച്ച്.ബി.പി 2.2)നിരക്കുകളും ഇതുവരെ കേരളത്തിൽ നടപ്പിലാക്കുകയോ ആശുപത്രികൾക്ക് അനുവദിക്കുകയോ ചെയ്തിട്ടില്ല. 2023 ൽ ചികിൽസാ പാക്കേജിൽ കേന്ദ്രസർക്കാർ മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും കേരളത്തിൽ അതും നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടില്ലെന്നും അസ്സോസിയേഷൻ ഭാരവാഹികൾ പറഞ്ഞു. പുതുക്കിയ ചികിൽസാ പാക്കേജിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പല പുതിയ ചികിൽസകളും പുതുക്കിയ പാക്കോജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ കേരളത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ലെന്നും അസോസിയേഷൻ ഭാരവാഹികൾ ആരോപിച്ചു. വർഷങ്ങളായി നിലവിലുള്ള എച്ച്.ബി.പി 2.0 പാക്കേജിലെ വളരെ ചുരുങ്ങിയ ചികിൽസാ നിരക്കുകളാണ് ഇപ്പോഴും കേരളത്തിലെ സ്വകാര്യ ആശുപത്രികൾക്ക് ലഭിക്കുന്നത്.മറ്റു സംസ്ഥാനങ്ങളിൽ അവിടുത്ത സർക്കാരുകൾ പുതിയ പാക്കേജുകൾക്കനുസരിച്ചുള്ള നിരക്കുകളാണ് നടപ്പിലാക്കിയിരിക്കുന്നതെന്നും അസോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കി. നിലവിലെ സാഹചര്യത്തിൽ ഒരു തരത്തിലും മുന്നോട്ടു പോകാൻ കഴിയാത്ത ചുരുങ്ങിയ ചികിൽസാ നിരക്കുകളാണ് കേരളത്തിൽ നിലവിലുള്ളതെന്നും ഇവർ വ്യക്തമാക്കി. പുതുക്കിയ ചികിൽസാ പാക്കേജ് അനുസരിച്ചുള്ള നിരക്കുകൾ കേരളത്തിൽ നടപ്പിലാക്കണമെന്ന് പല തവണ മുഖ്യമന്ത്രി,ആരോഗ്യവകുപ്പ് മന്ത്രി,ചീഫ് സെക്രട്ടറി അടക്കമുള്ളവരോട് ആവശ്യപ്പെടുകയും നിവേദനങ്ങൾ നൽകുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ഒന്നര വർഷമായി ഇതു സംബന്ധിച്ച് യാതോരു വിധ മറുപടിയോ നടപടികളോ ഉണ്ടായിട്ടില്ല. ഇനിയും കാത്തിരിക്കാൻ വയ്യാത്ത സാഹചര്യമാണുള്ളത്. അടിയന്തരമായി ചികിൽസാ പാക്കേജ് പരിഷ്ക്കരണം.കുടിശിഖ തീർക്കൽ.ചികിൽസാ സേവനങ്ങളുടെ ബിൽ തുക സമയബന്ധിതമായി ലഭ്യമാക്കൽ എന്നിവ നടപ്പിലാക്കണമെന്നും അല്ലാത്ത പക്ഷം ഒക്ടോബർ ഒന്നു മുതൽ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴിയുള്ള സേവനങ്ങൾ നിർത്തി വെയ്ക്കുമെന്നും അസോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കി.

## രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗിൽ പുതിയ അധ്യയന വർഷത്തിന് തുടക്കം



**കൊച്ചി:** അറിവിന്റെ പുതുവർഷത്തിലേക്ക് രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി (ഓട്ടോണോമസ്). പുതിയ അധ്യയന വർഷത്തിനു തുടക്കം കുറിച്ചുള്ള ദീക്ഷാരംഭം2023 നടന്നു. ഫാ. ബെന്നി നാൽക്കര സി എം ഐ (പ്രൊവിൻഷ്യൽ , സി എം ഐ , എസ് .എച് പ്രൊവിൻസ് ആൻഡ് മാനേജർ , ആർ സെറ്റ്) അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഡോ.സജി ഗോപിനാഥ്, വൈസ് ചാൻസലർ (എ പി ജെ കെ ടി യു കേരള ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റി) മുഖ്യാതിഥി ആയിരുന്നു. ചടങ്ങിൽ വച്ച് 23 മത് ബിടെക് ബാച്ചിന്റെയും 15 മത് എം ടെക് ബാച്ചിന്റെയും അധ്യയനവർഷം ആരംഭിച്ചു. രാജഗിരി കോളേജിന്റെ ഡയറക്ടർ റവ. ഡോ. ജോസ് കുരിയേടത്ത് സി എം ഐ , അസിസ്റ്റന്റ് ഡയറക്ടർ റവ. ഡോ. ജോയൽ ജോർജ് പുള്ളോലിൽ സി എം ഐ (യു . ജി ഡീൻ ), പ്രിൻസിപ്പൽ പ്രൊഫ്. ഡോ. പി. എസ് ശ്രീജിത്ത്, വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജെയ്സൺ പോൾ മുള്ളേരിക്കൽ സി എം ഐ , ഡോ. വിനോദ് കുമാർ പി. ബി (, പി. ജി ഡീൻ) എന്നിവർ പങ്കെടുത്തു. കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ വച്ച് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം നേടിയ രാജഗിരിയിൽ ഇൻഡക്ഷൻ പരിപാടികളോടുകൂടി ക്ലാസുകൾ ആരംഭിക്കും

## പ്രത്യേക ഹൃദയ പരിശോധന പാക്കേജുകളുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ലോക ഹൃദയ ദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക ഹൃദയ പരിശോധന പാക്കേജുകളുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. 599 രൂപ മുതൽ ആരംഭിക്കുന്ന പാക്കേജുകളിൽ ഹൃദയാരോഗ്യം പരിശോധിക്കുന്നതിനും ഡോക്ടറുടെ വിദഗ്ദോപദേശം തേടുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. സെപ്തംബർ 29നാണ് ഹൃദയദിനം ആചരിക്കുന്നത്. ഇതോടനുബന്ധിച്ച് വൈറ്റൽ ബീറ്റ്, പ്രൈം പ്ലസ്, ഹെൽത്തി ഹാർട്ട് എന്നിങ്ങനെ മൂന്ന് പാക്കേജുകളാണ് ആസ്റ്റർ മെഡ്സിറ്റി വിഭാവനം ചെയ്തത്. സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള എല്ലാ പ്രായക്കാർക്കും ഉപകാരപ്രദമാകുന്ന നിലയിലാണ് ഇവ അവതരിപ്പിച്ചിട്ടുള്ളതെന്ന് ആസ്റ്റർ മെഡ്സിറ്റി അധികൃതർ വ്യക്തമാക്കി.വൈറ്റൽ ബീറ്റ് പാക്കേജിൽ എക്കോ കാർഡിയോഗ്രാമോ ടി.എം.ടി. പരിശോധനയോ നടത്താനുള്ള സൗകര്യമാണ് ഉള്ളത്. ഇതിന് പുറമേ ഡോക്ടറുടെ കൺസൾട്ടേഷനും ലഭിക്കും. 599 രൂപ മാത്രമാണ് ഇതിനായി ചിലവ് വരുന്നത്. 999 രൂപയുടെ പ്രൈം പ്ലസ് പാക്കേജിൽ എക്കോ അല്ലെങ്കിൽ ടി.എം.ടി പരിശോധനക്ക് പുറമേ പ്രമേഹം, ലിപിഡ് പ്രൊഫൈൽ (കൊളസ്ട്രോൾ പരിശോധന) ശാരീരിക പരിശോധനകളുമാണ് ചെയ്യാൻ കഴിയുന്നത്.സമഗ്ര ഹൃദയ പരിശോധന വാഗ്ദാനം ചെയ്യുന്നതാണ് ഹെൽത്തി ഹാർട്ട് പാക്കേജ്. 1499 രൂപയുടെ പാക്കേജിൽ ലിപിഡ് പ്രൊഫൈൽ ബേസിക്, ഗ്ലൂക്കോസ് ഫാസ്റ്റിംഗ് (എഫ്), ഗ്ലൈക്കോസൈലേറ്റഡ് ഹീമോഗ്ലോബിൻ (എച്ച്.ബി.വൺ.സി) ഗ്ലൂക്കോസ് പോസ്റ്റ് പ്രാൻഡൽ (പി.പി), യൂറിക് ആസിഡ് സെറം, ക്രിയാറ്റിൻ, ഇ.സി.ജി, എക്കോ അല്ലെങ്കിൽ ടി.എം.ടി പരിശോധന ഉൾപ്പെടെയുള്ളവ ലഭ്യമാണ്. ഇതിന് പുറമേ ഡയറ്റ് കൗൺസിലിംഗ് കൂടി പ്രധാനം ചെയ്യുന്നതാണ് ഈ പാക്കേജ്.തിരക്കേറിയ ജീവിതത്തിനിടയിൽ ഹൃദയാരോഗ്യത്തെ കുറിച്ച് ശ്രദ്ധിക്കാൻ കഴിയാതെ പോകുന്നവരാണ് നമ്മിൽ പലരും. ഹൃദയ സുരക്ഷയെ കുറിച്ചുള്ള ബോധവൽക്കരണം ലക്ഷ്യമിട്ടാണ് പാക്കേജുകൾ ആവിഷ്കരിച്ചിട്ടുള്ളത്. ഒക്ടോബർ 31 വരെയാണ് സേവനങ്ങൾ ലഭ്യമാകുന്നത്. ഈ പാക്കേജുകൾ പ്രയോജനപ്പെടുത്തുന്നതിന് 8111998098 എന്ന നമ്പറിൽ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണെന്ന് അധികൃതർ വ്യക്തമാക്കി.

## പുതിയ മൾട്ടി അസറ്റ് നിക്ഷേപ പദ്ധതിയുമായി ഡിഎസ്പി മുച്വൽ ഫണ്ട്

**മുംബൈ:** മുൻനിര അസറ്റ് മാനേജ്മെന്റ് കമ്പനിയായ ഡിഎസ്പി മുചൽ ഫണ്ട് പുതിയ മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് (ഡിഎസ്പി എം.എ.എ.എഫ്) അവതരിപ്പിച്ചു. സെപ്തംബർ 21 വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാം. ആഭ്യന്തര, വിദേശ ഓഹരികളിലും, കടപ്പത്രങ്ങളിലും, ഗോൾഡ് ഇടിഎഫുകളിലും ഇടിസിഡികളിലും നിക്ഷേപിക്കുന്ന മുചൽ ഫണ്ടാണിതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. സുരക്ഷിത ദീർഘകാല നേട്ടവും നിക്ഷേപകർക്കു ലഭിക്കും. ഫണ്ടിന്റെ 35 മുതൽ 80 ശതമാനം വരെ നിക്ഷേപം വിപണിയിൽ മികച്ച പ്രകടനം നടത്തുന്ന ഓഹരികളിലായിരിക്കും. ഇതിൽ 50 ശതമാനം വരെ വിദേശ ഓഹരികളാകാം. 10 മുതൽ 50 ശതമാനം വരെ കടപ്പത്രങ്ങളിലും, ഗോൾഡ് ഇടിഎഫുകളിലും 20 ശതമാനം വരെ മറ്റു ആസ്തികളിലും നിക്ഷേപിക്കും. ചുരുങ്ങിയത് മൂന്ന് വർഷത്തെ ലോക്ക്ഇൻ കാലാവധി പരിഗണിക്കുകയാണെങ്കിൽ നിക്ഷേപകർക്ക് ഇത് മികച്ച വരുമാനം നൽകുമെന്നും കമ്പനി അവകാശപ്പെട്ടു.

## ഇടുക്കി പൈനാവ് മോഡൽ പോളിടെക്നിക് കോളേജിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന ഇടുക്കി പൈനാവ് മോഡൽ പോളിടെക്നിക് കോളേജിൽ 2023-2024 അദ്ധ്യയനവർഷത്തിലേക്ക് 3 വർഷ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള ഡിപ്ലോമ കോഴ്സുകളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പത്താം ക്ലാസ് പാസ്സായവർക്ക് ഒന്നാം വർഷത്തിലേക്കും,
+2 SCIENCE/ VHSE/ ITI / KGCE പാസ്സായ വിദ്യാർത്ഥികൾക്ക് ലാറ്ററൽ എൻട്രി വഴി രാം വർഷത്തിലേയ്ക് നേരിട്ടും പ്രവേശനം നേടാവുന്നതാണ്. താൽപര്യമുള്ളവർ രക്ഷകർത്താവുമായി, ഒറിജിനൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം കോളേജിൽ നേരിട്ട് എത്തിച്ചേരേണ്ടതാണ്.
SC/ST/OEC/OBC(H) വിഭാഗക്കാർക്ക് ഫീസ് ആനുകൂല്യവും, ഹോസ്റ്റൽ ഫീസും ലഭിക്കുന്നതാണ്. മറ്റ് അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ലഭ്യമാണ്.കൂടുതൽ വിവരങ്ങൾക്ക് 9947130573, 9447847816, 9446073146, 9947889441 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ഹോട്ടൽ ബുക്കിങ്ങുകളിൽ 'ക്യാൻസൽ ഫോർ നോ റീസൺ' അവസരമൊരുക്കി ക്ലിയർട്രിപ്പ്

**ബംഗളൂരു:** ഹോട്ടൽ ബുക്കിങ്ങിൽ, 'ക്യാൻസൽ ഫോർ നോ റീസൺ' അവസരമൊരുക്കി ഫ്ളിപ്കാർട്ട് കമ്പനിയായ ക്ലിയർട്രിപ്പ്. മേഖലയിലെ ഈ ആദ്യ ചുവടുവയ്പ്പിലൂടെ, ഉപഭോക്താക്കൾക്ക് ചെക്ക്ഇൻ സമയത്തിന് മുൻപായി എപ്പോൾ വേണമെങ്കിലും അധിക നിരക്കൊന്നുമില്ലാതെ ഹോട്ടൽ ബുക്കിങ്ങുകൾ റദ്ദാക്കാൻ കഴിയും. ബുക്കിങ്ങ് ഒന്നിന് രൂപ 25,000 വരെ മുഴുവൻ റീഫണ്ടും ലഭ്യമാകുകയും ചെയ്യും.ക്ലിയർട്രിപ്പിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന ആഭ്യന്തര, അന്താരാഷ്ട്ര ഹോട്ടലുകളിലെല്ലാം തന്നെ ഈ സൗകര്യം ബാധകമായിരിക്കും.

## സോചാ സമച്ചാ റിസ്ക് പ്രചാരണ പരിപാടിയുമായി ആക്സിസ് മ്യൂച്വൽ ഫണ്ട്

AXIS MUTUAL FUND

**കൊച്ചി:** അപകട സാധ്യതകളെ കുറിച്ചു മനസിലാക്കി മികച്ച നിക്ഷേപ തീരുമാനങ്ങൾ കൈക്കൊള്ളാൻ ആഹ്വാനം ചെയ്തു കൊണ്ടുള്ള സോചാ സമച്ചാ റിസ്ക് പ്രചാരണ പരിപാടിക്ക് ആക്സിസ് മ്യൂച്ചൽ ഫണ്ട് തുടക്കം കുറിച്ചു. അറിവിൻറെ പിൻബലത്തോടെയുള്ള നിക്ഷേപ തീരുമാനങ്ങൾ എടുക്കാൻ നിക്ഷേപരെ ബോധവൽക്കരിക്കാനുള്ള പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ പ്രചാരണ പരിപാടികൾ. റിസ്കോമീറ്റർ, റിസ്ക്ക് പ്രൊഫൈലർ തുടങ്ങിയവയിൽ ശ്രദ്ധ പതിപ്പിച്ചു കൊണ്ടാവും പ്രചാരണ പരിപാടികൾ. മിറം ഇന്ത്യയാണ് പ്രചാരണ പരിപാടികളുടെ ആശയാവിഷ്കാരം നടത്തിയത്. പല നിക്ഷേപകരും റിസ്ക് എന്നതിനെ പ്രതികൂലമായാണ് വീക്ഷിക്കുന്നതെന്ന് ആക്സിസ് മ്യൂച്ചൽ ഫണ്ട് മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു. റിസ്ക് എങ്ങനെയാണ് അവരുടെ സാമ്പത്തിക യാത്രയെ സ്വാധീനിക്കുന്നതെന്ന് നിക്ഷേപകർ മനസിലാക്കണമെന്നാണ് തങ്ങൾ വിശ്വസിക്കുന്നതെന്നും അറിവിൻറെ ബലത്തിലുള്ള നിക്ഷേപ തീരുമാനങ്ങളുടെ പ്രാധാന്യമാണ് തങ്ങൾ പ്രചാരണ പരിപാടിയിലൂടെ മുന്നോട്ടു വെക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ഭവൻസ്അന്താരാഷ്ട്ര മാനേജ്മെന്റ് സെമിനാർ സംഘടിപ്പിച്ചു



**കൊച്ചി:** ഭാരതീയ വിദ്യാഭവന്റെ എം ബി എ കോളജായ ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ വാർഷിക അന്താരാഷ്ട്ര സെമിനാർ ബിലിവ് തൃപ്പൂണിത്തുറ ക്യാംപസിൽ നടത്തി. ടൂറിസം റൂറൽ ഡവലപ്മെന്റ് ഫാക്കൽറ്റി ഡോ. മിർജാന റാഡ്മാൻ ഉദ്ഘാടനം നിർവഹിച്ചു.ഭാരതീയ വിദ്യാഭവൻ ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത വഹിച്ചു. ക്രൊയേഷ്യയിൽ നിന്നുള്ള വിദഗ്ധൻ ബോജൻ റാഡിസിത് സമ്മേളന തീം അവതരിപ്പിച്ചു. സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ഗവേഷകർ ഹൈബ്രിഡ് ട്രാക്കിലൂടെ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.എറാസ്മസ് പ്രതിനിധി ഇവാന മികിച്ച് എറാസ്മസ് മസിന്റെ അവസരങ്ങളെക്കുറിച്ചുള്ള പ്രത്യേക സെഷൻ അവതരിപ്പിച്ചു. ഐ ഐ എം കോഴിക്കോട് പ്രൊഫസർ ഡോ. ഉണ്ണികൃഷ്ണൻ നായർ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ഡീൻ ഡോ. രാജഗോപാല നായർ ബെസ്റ്റ് പേപ്പർ അവാർഡുകൾ വിതരണം ചെയ്തു.

## വിപിഎസ് ലേക്ഷോറിൽ ലിംഫോമ വിന്നേഴ്സ് ഡേ ആഘോഷിച്ചു




**കൊച്ചി:** കൊച്ചിൻ ക്യാൻസർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിപിഎസ് ലേക്ഷോറിൽ വച്ച് ലിംഫോമ വിന്നേഴ്സ് ഡേ നടത്തി. ഡോക്ടർ വി പി ഗംഗാധരന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ കാൻസറിനെ അതിജീവിച്ചവർ ഹൃദയസ്പർശിയായ അനുഭവങ്ങൾ പങ്കുവെച്ചതിനൊപ്പം കലാപരിപാടികളും അവതരിപ്പിച്ചു. വിപിഎസ് ലേക്ഷോർ മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള, ഹൈക്കോടതി മുൻ ജഡ്ജി ശ്രീ വി രാംകുമാർ എന്നിവർ പങ്കെടുത്തു.

# ഒഡിഷ സർക്കാരിന് 181 വിംഗർ വാനുകൾ കൈമാറി ടാറ്റ മോട്ടോഴ്സ്

TATA MOTORS

**ഭുവനേശ്വർ:** ഇന്ത്യയിലെ പ്രമുഖ വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് ഒഡീഷ സർക്കാരിന് 181 വിംഗർ വെറ്ററിനറി വാനുകൾ കൈമാറി. രൂപകൽപ്പനയിൽ പ്രത്യേകം മാറ്റം വരുത്തിയിരിക്കുന്ന വാഹനങ്ങൾ ഒഡീഷ സർക്കാരിലെ മൃഗസംരക്ഷണ വെറ്ററിനറി സർവീസസ് ഡയറക്ടറേറ്റ് വെറ്ററിനറി വാനുകളായി ഉപയോഗിക്കും. മുഖ്യമന്ത്രി നവീൻ പട്നായിക്ക് വാഹനങ്ങൾ ഫ് ളാഗ് ഓഫ് ചെയ്തു. ഇബിഡ്ഡിംഗ് പ്രക്രിയയിലൂടെയാണ് ഒഡിഷ സർക്കാരുമായി ടാറ്റ മോട്ടോഴ്സ് കരാറിലേർപ്പെടുന്നത്. മൃഗാരോഗ്യ സംരക്ഷണത്തിന്റെ പുതിയ യുഗത്തിന് തുടക്കമിട്ടുകൊ് 181 വെറ്ററിനറി വാനുകൾ ഒഡീഷ സർക്കാരിന് കൈമാറുന്നതിൽ ടാറ്റ മോട്ടോഴ്സിന് സന്തോഷമുണ്ട് ടാറ്റ മോട്ടോഴ്സ് സിവി പാസഞ്ചേഴ്സ് ഹെഡ് രോഹിത് ശ്രീവാസ്തവ പറഞ്ഞു. വ്യാപകമായ വെറ്ററിനറി സേവനങ്ങൾ എന്ന സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാട് മുന്നോട്ട് കൊണ്ടുപോകാൻ പുതിയ വാഹനങ്ങൾ കൈമാറുന്നതിലൂടെ ഞങ്ങളും പ്രതിജ്ഞാബദ്ധരാണ്. ഒഡീഷയിലുടനീളമുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ ഈ നൂതന വാനുകൾ സൂക്ഷ്മമായി രൂപകൽപ്പന ചെയ്തവയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മെച്ചപ്പെട്ട ടോർക്കും മികച്ച ഇന്ധനക്ഷമതയുമുള്ള 2.2 ലിറ്റർ ഉശ്ചഉരണ എഞ്ചിനാണ് ടാറ്റ വിംഗറിന് കരുത്തേകുന്നത്. ഇന്ധനക്ഷമത വർധിപ്പിക്കാൻ സഹായിക്കുന്ന ഇസിഒ സ്വിച്ച്, ഗിയർ ഷിഫ്റ്റ് അഡ്വൈസർ എന്നിവയും ഇത് വാഗ്ദാനം ചെയ്യുന്നു. വിംഗറിന്റെ ഏറ്റവും മികച്ച ഗ്രേഡ്എബിലിറ്റിയായ 25.8 ശതമാനം കുത്തനെയുള്ള ചെരിവുകളിലും ഫ് ളൈ ഓവറുകളിലും എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്നു. കൂടാതെ, ആന്റിറോൾ ബാറുകളും ഹൈഡ്രോളിക് ഷോക്ക് അബ്സോർബറുകളുമുള്ള വിംഗറിന്റെ സ്വതന്ത്ര ഫ്ര് സസ്പെൻഷൻ സുഗമമായ യാത്ര ഉറപ്പുനൽകുന്നു, മോണോകോക്ക് ബോഡി ഡിസൈൻ, കാർ പോലെയുള്ള ഡ്രൈവിംഗ് ഡൈനാമിക്സും കുറഞ്ഞ ശബ്ദവും വൈബ്രേഷനും കാഠിന്യവും ഉറപ്പ് നൽകുന്നുവെന്നും രോഹിത് ശ്രീവാസ്തവ പറഞ്ഞു.

## കേരളാ പ്രൊഫഷനൽ ഹൗസ്കീപ്പേഴ്സ് അസോസിയേഷൻ വാർഷികസംഗമം സംഘടിപ്പിച്ചു



**കൊച്ചി:** കേരളത്തിലെ നക്ഷത്ര ഹോട്ടലുകൾ, റിസോർട്ടുകൾ, ആശുപത്രികൾ, ഫസിലിറ്റി മാനേജ്മെന്റ് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ജോലി ചെയ്യുന്ന ഹൗസ്കീപ്പിംഗ് പ്രൊഫഷനലുകളുടെ സംഘടനയായ കേരള പ്രൊഫഷനൽ ഹൗസ്കീപ്പേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ) എട്ടാമത് വാർഷിക സംഗമം ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്നു. കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഹൈബി ഈഡൻ എംപി വിശിഷ്ടാതിഥിയായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുന്നൂറോളം ഹൗസ്കീപ്പിംഗ് എക്സിക്യൂട്ടീവുകൾ, വിവിധ ഹോട്ടലുകളുടെ മാനേജിംഗ് ഡയറക്ടർമാർ, ജനറൽ മാനേജർമാർ, പർച്ചേസ് മാനേജർമാർ, ആതിഥേയ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന എൻജിനീയേഴ്സ് ഫോറത്തിൽ നിന്നുള്ള എൻജിനീയർമാർ തുടങ്ങിയവർ പങ്കെടുത്തു.പ്രൊഫഷനൽ ഹൗസ്കീപ്പർമാരുടെ ദേശീയ സംഘടനയായ പ്രൊഫഷനൽ ഹൗസ്കീപ്പേഴ്സ് അസോസിയേഷൻ (പിഎച്ച്എ) കേരള ചാപ്റ്ററിനും സംഗമത്തിൽ തുടക്കമായി. സംസ്ഥാനത്തെ ആതിഥേയ, ആതുരശുശ്രൂഷാ മേഖലകൾ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നായ മാലിന്യസംസ്കരണ വിഷയത്തിൽ പാനൽ ചർച്ച നടന്നു. ഹൗസ്കീപ്പിംഗ് എക്സിക്യൂട്ടീവുമാരിൽ നിന്ന് ജനറൽ മാനേജർമാരായി ഉദ്യോഗക്കയറ്റം നേടിയവരെ ചടങ്ങിൽ ആദരിച്ചു. രണ്ടു മാസമായി കൊച്ചയിലേയും മൂന്നാറിലേയും ഹൗസ്കീപ്പിംഗ് സ്റ്റാഫംഗങ്ങളെ പങ്കെടുപ്പിച്ച് നടത്തിയ ബെഡ് മേക്കിംഗ്, ടവൽ ആർട്ട്, പേപ്പർ ഒറിഗാമി മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. അംഗങ്ങളുടെ കലാപരിപാടികളും അരങ്ങേറി. അബാദ് ഗ്രൂപ്പ് ഓഫ് ഹോട്ടൽസ് എംഡി റിയാസ് അഹമ്മദ്, അവന്യൂ റീജന്റ് എംഡി ഒ ടി അലക്സാണ്ടർ, മേഫ്ളവർ ഹോട്ടൽസ് (പ്രസിഡൻസി) എംഡി ഫിലിപ്പ് മാത്യു, പിഎച്ച്എ സ്ഥാപക പ്രസിഡന്റ് ജയശ്രീ നാഗരാജ്, റിനൈ ഹോസ്പിറ്റാലിറ്റി വൈസ് പ്രസിഡന്റ് അച്യുതൻ മേനോൻ, നിയുക്ത കെടിഎം സെക്രട്ടറിയും ദ്രവീഡിയൻ ട്രേഡ്സ് എംഡിയുമായ സ്വാമിനാഥൻ സീതാറാം, കെപിഎച്ച്എ പ്രസിഡന്റ് ബിന്ദു പ്രവീഷ്, സെക്രട്ടറി രൂപേഷ്, ട്രഷറർ ബീനാ സതീഷ്, പിഎച്ച്എ തലങ്കാന ഹെഡ് നിത മഹാപത്ര തുടങ്ങിയവർ പ്രസംഗിച്ചു.

## സ്വാക് 'എക്സ്പോ 2023' 15 മുതൽ കളമശേരിയിൽ

SWAK
SUPERMARKET WELFARE ASSOCIATION OF KERALA

**കൊച്ചി:** കേരളത്തിലെ സൂപ്പർ മാർക്കറ്റ് ഉടമകളുടെ സംഘടനയായ സൂപ്പർമാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരള(സ്വാക്) യുടെ നേതൃത്വത്തിൽ സെപ്തംബർ 15,16,17 തിയതികളിൽ കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ എക്സ്പോ സംഘടിപ്പിക്കുമെന്ന് സ്വാക് സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട, സെക്രട്ടറി സിയാവുദ്ദീൻ,എക്സോ കൺവീനർ സാജു മൂലൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.മന്ത്രി പി രാജീവ്,കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി,പട്ടാഭിരാമൻ(കല്യാൺ സിൽക്കസ്),മാത്യു ജേക്കബ് (ഫ്രഷ് ടു ഹോം), രാജു അപസര(കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ്) ഉൾപ്പെടെയുള്ള പ്രമുഖർ എക്സോപോയുടെ വേദിയിൽ എത്തും.കേരളത്തിലെ മൂവായിരത്തിൽപ്പരം സൂപ്പർമാർക്കറ്റ് ഉടമകളും ദക്ഷിണേന്ത്യയിലെ 200 ൽപ്പരം പ്രമുഖ ബ്രാൻഡുകളുടെ ഉൽപ്പാദകരും പതിനായിരക്കണക്കിന് ഉപഭോക്താക്കളും എക്സ്പോയിൽ പങ്കെടുക്കും.സൂപ്പർമാർക്കറ്റുകളും ഉൽപ്പാദകരും തമ്മിൽ കൂടുതൽ ബിസിനസ് ബന്ധം വളർത്തിയെടുക്കാനാണ് എക്സ്പോയിലൂടെ ലക്ഷ്യമിടുന്നത്.ആവശ്യക്കാർക്ക് സാധനങ്ങൾ വാങ്ങാനുള്ള സൗകര്യവും എക്സ്പോയിൽ ഉണ്ടാകും.പരിശീലന ക്ലാസുകൾ,മോട്ടിവേഷൻ ക്ലാസുകൾ,ബിസിനസിൽ മികച്ച വിജയം നേടിയവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കൽ, ജോബ് ഫെയർ,വിവിധ കലാപരിപാടികൾ തുടങ്ങിയവ എക്സ്പോയിൽ ഉണ്ടാകും. എക്സ്പോ ഓഫർ ആയി പല കമ്പനികളുടെയും ഉൽപ്പന്നങ്ങൾ 50 ശതമാനം വരെ ഡിസ്ക്കൗണ്ടിൽ ഉപഭോക്താക്കൾക്ക് ലഭിക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കുമെന്നും സ്വാക് ഭാരവാഹികൾ വ്യക്തമാക്കി

# 20,000 പോയിൻറ് എന്ന നാഴികക്കല്ല് പിന്നിട്ട് നിഫ്റ്റി 50




**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും പ്രിയപ്പെട്ട ഓഹരി സൂചികയായ നിഫ്റ്റി 50 ചരിത്ര പ്രാധാന്യമുള്ള സുപ്രധാന നാഴികക്കല്ലായ 20,000 പോയിൻറ് കടന്നു. ഇന്ത്യൻ ഓഹരി വിപണിയിലും അതിൻറെ നിയന്ത്രണ സംവിധാനങ്ങളിലും ഫലപ്രദവും സുതാര്യവും ന്യായുക്തവുമായ നിയമ സംവിധാനം തുടങ്ങിയവയിലും ഇന്ത്യക്കാരും വിദേശിയരുമായ നിക്ഷേപകർക്കുള്ള വിശ്വാസത്തിൻറെ സാക്ഷ്യപത്രമാണ് തുടക്കത്തിൽ 1,000 പോയിൻറ് എന്ന നിലയിൽ അവതരിപ്പിക്കപ്പെട്ട ശേഷം കഴിഞ്ഞ 27 വർഷങ്ങളിലായി ഉായ നിഫ്റ്റി 50യുടെ പുരോഗതി. ട്രേഡിങ് സാങ്കേതികവിദ്യകളിൽ മാത്രമല്ല, കോർപറേറ്റ് ഭരണ രംഗത്തും ലോകത്തിലെ ഏറ്റവും മികച്ചവയേക്കാൾ മെച്ചപ്പെട്ട വിപണിയാണ് ഇതു ലഭ്യമാക്കുന്നത്.7.5 കോടിയിലേറെ പാൻ നമ്പറുകളാണ് തങ്ങളിലൂടെ നിക്ഷേപകരായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. 5 കോടിയിലേറെ കുടുംബങ്ങൾ തങ്ങളുടെ സമ്പാദ്യത്തിൻറെ ഒരു ഭാഗം ഓഹരികളിൽ നിക്ഷേപിക്കുന്നു. എൻഎസ്ഇ കഴിഞ്ഞ ഏതാനും ദശകങ്ങളായി ലഭ്യമാക്കുന്ന ഏറ്റവും മികച്ചതും ഓട്ടോമേറ്റഡ് ആയതും ഉന്നത നിലയിൽ നിയന്ത്രിക്കുന്നതുമായ ഓഹരി വിപണിയിലൂടെയാണവർ ഇതു ചെയ്യുന്നത്. കഴിഞ്ഞ 30 വർഷങ്ങളിൽ ഇന്ത്യ വിപണി പങ്കാളിത്തത്തിൻറെ കാര്യത്തിൽ വലിയ മുന്നേറ്റം നടത്തിയതായാണ് എൻറെ സ്വന്തം ചിന്താഗതി. നമുക്ക് ഇനിയും വലിയ മുന്നേറ്റം നടത്തേത്തു്. ഇതൊരു മികച്ച തുടക്കമാണ്. മുൻകാലങ്ങളിലെ പോലെ തന്നെ ഇനിയുള്ള യാത്രയിലും ഉയർച്ച താഴ്ചകളുാകും. ഇന്ത്യയുടെ പുരോഗതി തുടരുകയും നിഫ്റ്റി 50 സൂചികയിൽ ദൃശ്യമാകുന്നതു പോലെ ആ പുരോഗതി വിപണിയിൽ പ്രതിഫലിക്കുകയും ചെയ്യും. ന്യായവും ഫലപ്രദവും സുതാര്യവും കുറഞ്ഞ ചെലവിലുള്ളതും ഉന്നത നിലയിൽ ഓട്ടോമേറ്റഡ് ആയതുമായ വിപണി വരും കാലങ്ങളിലും എൻഎസ്ഇ ഇന്ത്യയ്ക്കു നൽകുമെന്ന് നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് എംഡിയും സിഇഒയുമായ ആശിഷ്കുമാർ ചൗഹാൻ പറഞ്ഞു.

# ഇകാനയ്ക്ക് മികച്ച ഡിജിറ്റൽ എക്സ്ചേഞ്ച് സ്റ്റാർട്ടപ്പ് അവാർഡ്




**കൊച്ചി:** ബ്രാൻഡ് സ്റ്റോറീസ് സംഘടിപ്പിച്ച ഇൻഫ്ളുവെൻസേഴ്സ് സമ്മിറ്റിൽ ഇകാന കോയിൻ ഡിജിറ്റൽ അസറ്റ് ആൻഡ് വെൽത്ത് മാനേജ്മെന്റ് മികച്ച ഡിജിറ്റൽ എക്സ്ചേഞ്ച് സ്റ്റാർട്ടപ്പിനുള്ള അവാർഡ് നേടി. അഡ്ലക്സ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ബെന്നി ബഹനാൻ എംപിയിൽ നിന്ന് ഇകാന മാർക്കറ്റിംഗ് മാനേജർ ഹരിത കുറുപ്പ്, എച്ച് ആർ മാനേജർ കൃഷ്ണപ്രിയ ബി എന്നിവർ അവാർഡ് ഏറ്റുവാങ്ങി. 2021ൽ പ്രവർത്തനമാരംഭിച്ച ഇകാന ചുരുങ്ങിയ കാലത്തിനിടെ മുൻനിര ക്രിപ്റ്റോ കമ്പനികളിലൊന്നായി വളർന്നിട്ടുന്നെ് കമ്പനി വക്താക്കൾ പറഞ്ഞു. സവിശേഷ ഓഫറുകൾ, കമ്പനി സ്വന്തമായി വികസിപ്പിച്ചെടുത്ത ഡിജിറ്റൽ എക്സ്ചേഞ്ച് സിസ്റ്റമായതിനാൽ സാധ്യമായ കുറഞ്ഞ ട്രേഡിംഗ് ഫീസ്, വേഗത്തിലുള്ള പ്രോസസ്സിംഗ് എന്നിവയാണ് മികച്ച വളർച്ച നേടാൻ ഇകാനയെ സഹായിച്ചത്. ചെറിയ തുക നിക്ഷേപിച്ച് ട്രേഡിംഗ് ആരംഭിക്കാമെന്ന സൗകര്യവുമു്. വിവരങ്ങൾക്ക് +9192880 38401,
e-mail: info@ecannacoin.com,
website: www.ecannacoin.com

# റിലയൻസ് റീട്ടെയിലിൽ 2,069.50 കോടി രൂപ നിക്ഷേപിക്കാൻ കെകെആർ

**കൊച്ചി/മുംബൈ:**ആഗോള നിക്ഷേപ സ്ഥാപനമായ കെകെആർ, റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് ലിമിറ്റഡിൽ 2,069.50 കോടി രൂപ നിക്ഷേപിക്കുമെന്ന് പ്രഖ്യാപിച്ചതായി റിലയൻസ് അധികൃതർ. ഈ നിക്ഷേപം ആർആർവിഎല്ലിനെ 8.361 ലക്ഷം കോടി രൂപയുടെ പ്രീമണി ഇക്വിറ്റി മൂല്യത്തോടെ രാജ്യത്തെ മികച്ച നാല് കമ്പനികളിൽ ഒന്നാക്കി മാറ്റും.2020ൽ കെകെആർ ആർആർവിഎല്ലിൽ 5,550 കോടി നിക്ഷേപിച്ചിരുന്നു, ഈ പുതിയ നിക്ഷേപത്തോടെ 0.25% ഉടമസ്ഥാവകാശം കൂടി കെകെആറിന് ലഭിക്കും. ഇതോടെ മൊത്തം ഉടമസ്ഥാവകാശം 1.42% ആകും. വിവിധ ആഗോള നിക്ഷേപകരിൽ നിന്ന് 2020ൽ ആർആർവിഎൽ നടത്തിയ ഫ് സമാഹരണം മൊത്തം 47,265 കോടി രൂപയായിരുന്നു. പ്രീമണി ഇക്വിറ്റി മൂല്യം 4.21 ലക്ഷം കോടി രൂപയായിരുന്നു.പലചരക്ക്, ഉപഭോക്തൃ ഇലക്ട്രോണിക്സ്, ഫാഷൻ, ലൈഫ്സ്റ്റൈൽ എന്നിവയ്ക്കായി 18,500ലധികം സ്റ്റോറുകൾ, ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ 267 ദശലക്ഷം ഉപഭോക്താക്കൾക്ക് സേവനം നൽകി വരികയാണ് ആർആർവിഎൽ. ഉപഭോക്താക്കളെയും ചെറുകിട ബിസിനസുകളെയും പിന്തുണച്ചും ഇന്ത്യയിലും ലോകമെമ്പാടുമുള്ള കമ്പനികളുമായി സഹകരിച്ചും ഇന്ത്യൻ റീട്ടെയിൽ മേഖല മികച്ചതാക്കുക എന്നതാണ് ആർആർവിഎല്ലിന്റെ ലക്ഷ്യം. 1976ൽ സ്ഥാപിതമായ കെകെആറിന് 519 ബില്യൺ ഡോളർ ആസ്തിയു്.

# എച്ച്എംഡി ഗ്ലോബൽ നോക്കിയ ജി42 5ജി അവതരിപ്പിച്ചു

**കൊച്ചി:** നോക്കിയ ഫോണുകളുടെ നിർമാതാക്കളായ എച്ച്എംഡി ഗ്ലോബൽ നോക്കിയ ജി42 5ജി സ്മാർട്ട് ഫോൺ ഇന്ത്യയിൽ അവതരിപ്പിച്ചു.. സ്നാപ്ഡ്രാഗൺ 480 പ്ലസ് 5ജി ചിപ്സെറ്റ്, 11ജിബി റാം, മൂന്ന് ദിവസത്തെ ബാറ്ററി, 2 വർഷ ഒഎസ് അപ്ഗ്രേഡുകൾ എന്നിവയാണ് പ്രധാന സവിശേഷതകളെന്ന് എച്ച്എംഡി ഗ്ലോബൽ ഇന്ത്യ ആൻഡ് എപിഎസി വൈസ് പ്രസിഡന്റ് രവി കുൻവാർ പറഞ്ഞു. 11/128 ജിബിയാണ് (6ജിബി ഫിസിക്കൽ റാം+5ജിബി വെർചൽ റാം) നോക്കിയ ജി42 5ജിയിൽ വരുന്നത്. സോ പർപ്പിൾ, സോ ഗ്രേ എന്നീ രണ്ട് നിറങ്ങളിൽ നോക്കിയ ജി42 5ജി ലഭ്യമാണ്. സെപ്റ്റംബർ 15ന് ഉച്ചക്ക് 12 മണിക്ക് ആമസോൺ ഇന്ത്യയിൽ തത്സമയ വിൽപന തുടങ്ങും. 12599 രൂപയാണ് ആരംഭ വില. 20വാട്ട്സ് ഫാസ്റ്റ് ചാർജിങ് പിന്തുണയ്ക്കുന്ന 5000 എംഎഎച്ച് ബാറ്ററിയും, 6.56എച്ച്ഡി + 90 ഹേർട്സ് കോർണിങ് ഗൊറില്ല ഗ്ലാസ് 3 ഡിസ്പ്ലേയുമാണ് ഫോണിന്. ഫോട്ടോഗ്രാഫിക്കും വീഡിയോഗ്രാഫിക്കുമായി എൽഇഡി ഫ്ലാഷോടു കൂടിയ 2 എംപി മാക്രോ, ഡെപ്ത് ക്യാമറകൾക്കൊപ്പം 50 മെഗാപിക്സൽ എഎഫ് മെയിൻ ക്യാമറയുമുണ്ട്. 8 മെഗാപിക്സൽ മുൻക്യാമറ മികച്ച സെൽഫിയും ഉറപ്പാക്കും. 65% റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക്കുകൾ കൊണ്ടാണ് നോക്കിയ ജി42 5ജി നിർമിച്ചിരിക്കുന്നത്. 20വാട്ട്സ് ഫാസ്റ്റ് ചാർജർ, കേബിൾ, ഒരു ജെല്ലി കെയ്സ് എന്നിവ ഫോണിനൊപ്പം ബോക്സിലുണ്ടാവും. ജി50 മോഡലുമായി താരതമ്യപ്പെടുത്തുമ്പോൾ രണ്ടിരട്ടിയിലേറെ ഡ്രോപ്പ് ടെസ്റ്റുകൾക്കും നോക്കിയ ജി42 5ജി വിധേയമായിട്ടുണ്ട്. നോക്കിയ ജി42 5ജി ഒരു സ്മാർട്ട്ഫോൺ മാത്രമല്ല, സുസ്ഥിരവും ഗുണനിലവാരമുള്ളതുമായ തിരഞ്ഞെടുപ്പുകൾ എല്ലാവർക്കും പ്രാപ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണെന്നും രവി കുൻവാർ പറഞ്ഞു. സുസ്ഥിരത, അത്യാധുനിക സാങ്കേതികവിദ്യ എന്നിവ ഉപയോഗിച്ച് രൂപകൽപന ചെയ്ത നോക്കിയ ജി42 5ജി ഇന്ത്യൻ വിപണിയിലേക്ക് കൊണ്ടുവരുന്നതിൽ തങ്ങൾക്ക് ഏറെ അഭിമാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നോക്കിയ ജി42 5ജി അവതരിപ്പിച്ചതിന് തങ്ങൾ നോക്കിയ ടീമിനെ അഭിനന്ദിക്കുന്നതായി ആമസോൺ ഇന്ത്യയുടെ വയർലെസ് ആൻഡ് ഹോം എന്റർടൈൻമെന്റ് ഡയറക്ടർ രഞ്ജിത്ബാ



# 63 വയസ് പീറ്റർ ജോസഫിന് വെറും നമ്പർ മാത്രം ; ഇനി ലക്ഷ്യം ബോഡിബിൽഡിംഗിൽ ലോകചാംപ്യൻ പട്ടം

**കൊച്ചി:** പ്രായം 63 പിന്നിട്ടെങ്കിലും ശരീര സൗന്ദര്യം നിലനിർത്തുന്നതിൽ മാത്രമല്ല മാസ്റ്റേഴ്സ് വിഭാഗത്തിൽ മിസ്റ്റർ വേൾഡ് എന്ന ലോക ചാംപ്യൻ പട്ടം കരസ്ഥമാക്കാനുള്ള തീവ്ര ശ്രമത്തിലാണ് എറണാകുളം കാലടി കൊറ്റമം ഞാളിയൻ ജോസഫിന്റെ മകനായ ഡോ.പീറ്റർ ജോസഫ്. തന്നെ സംബന്ധിച്ചിടത്തോളം പ്രായം വെറും നമ്പർ മാത്രമാണെന്ന് അടുത്തിടെ കാഠ്മണ്ഡുവിൽ നടന്ന മിസ്റ്റർ ഏഷ്യാ മൽസരത്തിൽ മാസ്റ്റേഴ്സ് വിഭാഗത്തിൽ ഇന്ത്യയ്ക്കു വേണ്ടി സ്വർണ്ണമെഡൽ നേടി പീറ്റർ ജോസഫ് തെളിയിച്ചു . ബോഡി ബിൽഡിംഗ്, വെയ്റ്റ് ലിഫ്റ്റിംഗ് മൽസരങ്ങളിൽ പീറ്റർ ജോസഫിന്റെ ഷെൽഫിൽ സ്ഥാനം പിടിച്ചിരിക്കുന്ന മെഡൽ ശേഖരങ്ങളും പുരസ്ക്കാരങ്ങളും ചൂണ്ടിക്കാണിക്കുന്നതും അദ്ദേഹത്തിന്റെ കഠിനാധ്വാനവും അർപ്പണ മനോഭാവവുമാണ്. 2019 ൽ മാസ്റ്റേഴ്സ് വിഭാഗത്തിൽ അമേരിക്കയിൽ നടന്ന വെയ്റ്റ് ലിഫ്റ്റ് ചാംപ്യൻഷിപ്പിൽ ലോക ചാംപ്യൻ ആയിരുന്നു പീറ്റർ ജോസഫ്.ഇനി ബോഡിബിൽഡിംഗിൽ ലോക ചാംപ്യൻ പട്ടമാണ് പീറ്റർ ജോസഫിന്റെ ലക്ഷ്യം. ഇതിലേക്കുള്ള പ്രയാണത്തിൽ അടുത്തിട കാഠ്മണ്ഡുവിൽ നടന്ന മിസ്റ്റർ ഏഷ്യാ മൽസരത്തിൽ മാസ്റ്റേഴ്സ് വിഭാഗത്തിൽ ഇന്ത്യയ്ക്കു വേണ്ടി ഗോദയിലിറങ്ങിയ പീറ്റർ ജോസഫ് സ്വർണമെഡൽ നേടി തന്റെ മെഡൽ ശേഖരത്തിന്റെ സ്വർണ്ണത്തിളക്കം വീണ്ടും വർധിപ്പിച്ചു. ഒപ്പം മാസ്റ്റേഴ്സ് വിഭാഗത്തിൽ മിസ്റ്റർ ഏഷ്യ പട്ടം നേടുന്ന ആദ്യ ഇന്ത്യാക്കാരൻ എന്ന ബഹുമതിയും സ്വന്തമാക്കി. ചെറുപ്പം മുതലേ ശരീര സൗന്ദര്യം നിലനിർത്താൻ താൽപ്പര്യപ്പെട്ടിരുന്ന പീറ്റർ ജോസഫ് 16-ാം വയസുമുതലാണ് ജിമ്മിൽ വർക്കൗട്ട് തുടങ്ങിയത്. കാലടി ശ്രീശങ്കര കോളജ്, ആലുവ യുസി കോളജ് എന്നിവടങ്ങളിലെ പഠനകാലത്ത് ബോഡിബിൽഡിംഗിലും വെയ്റ്റ് ലിഫ്റ്റിംഗിലും കേരള യൂണിവേഴ്സിറ്റി ചാംപ്യനായിരുന്നു. 21-ാം വയസിൽ വെയ്റ്റ്ലിഫ്റ്റിൽ ദേശീയ ചാംപ്യൻ പട്ടവും കരസ്ഥമാക്കി. തുടർന്ന് നിരവധി മൽസരങ്ങളിൽ പങ്കെടുത്ത് മെഡൽ നേട്ടം കൈവരിച്ച പീറ്റർ ജോസഫ് പ്രായം ഏറിയെങ്കിലും ബോഡിബിൽഗിനോടും വെയ്റ്റ് ലിഫ്റ്റിനോടുമുള്ള പ്രണയം ഉപേക്ഷിച്ചില്ല. നാലു തവണ മിസ്റ്റർ ഇന്ത്യയായും രണ്ടു തവണ മിസ്റ്റർ ഇന്ത്യൻ റെയിൽവേ എന്ന നേട്ടവും സ്വന്തമാക്കി. ചിട്ടയായ വ്യായാമവും അർപ്പണ മനോഭാവവും പ്രാണവായുപോലെ കൊണ്ടു നടന്ന പീറ്റർ ജോസഫ് 2019 ൽ മാസ്റ്റേഴ്സ് വിഭാഗത്തിൽ അമേരിക്കയിൽ നടന്ന വെയ്റ്റ് ലിഫ്റ്റ് ചാംപ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ലോക ചാംപ്യൻ പട്ടം കരസ്ഥമാക്കിക്കൊണ്ട് തന്റെ കൈക്കരുത്ത് വീണ്ടും തെളിയിച്ചു. പിന്നാലെ 2021 ൽ ഓസ്ട്രേലിയയിൽ നടന്ന മാസ്റ്റേഴ്സ് കോമൺവെൽത്ത് ഗെയിംസിലും വെയ്റ്റ് ലിഫ്റ്റിൽ ഇന്ത്യയ്ക്കായി സ്വർണ മെഡൽ നേടി. കൊവിഡിനെത്തുടർന്ന് ലോകം മുഴുവൻ ലോക് ഡൗണിലായ സമയത്ത് മാത്രമാണ് പീറ്റർ ജോസഫിന്റ ജിമ്മിൽ വർക്കൗട്ട് മുടങ്ങിയത്. തുടർന്ന് നിയന്ത്രണങ്ങൾ നീങ്ങിയതോടെ വർധിത വീര്യത്തോടെ നടത്തിയ പരീശീലനത്തിന്റെ പ്രതിഫലമായിരുന്നു ഇന്ത്യയ്ക്ക് വേണ്ടി നേടിയ മിസ്റ്റർ ഏഷ്യാ മൽസരത്തിലെ സുവർണ്ണ നേട്ടം. അടുത്ത നവംബറിൽ കൊറിയയിൽ നടക്കുന്ന ലോക ബോഡി ബിൽഡിംഗ് ചാംപ്യൻഷിപ്പിൽ മിസ്റ്റർ വേൾഡ് ചാംപ്യൻ പട്ടം സ്വന്തമാക്കാനുള്ള യാത്രയുടെ ഇന്ധനമാണ് മിസ്റ്റർ ഏഷ്യാ പട്ടമെന്നാണ് പീറ്റർ ജോസഫ് പറയുന്നത്.നേരത്തെ രണ്ടു തവണ ലോക ചാംപ്യൻ പട്ടത്തിനായി മൽസരിച്ചിരുന്നുവെങ്കിലും മൂന്നാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ആ മൂന്നാം സ്ഥാനം ഇത്തവണ സ്വർണ്ണ നേട്ടമായി മാറ്റാനുള്ള കഠിന പ്രയത്നത്തിലാണ് പീറ്റർ ജോസഫ്.മേരിയാണ് പീറ്റർ ജോസഫിന്റെ മാതാവ്. നൈപുണ്യ സ്കൂളിലെ അധ്യാപികയായ ബിസയാണ് ഭാര്യ.മക്കൾ:മരിയ(ന്യൂസിലന്റ്),എൽസ (വിദ്യാർഥിനി,ന്യൂസിലന്റ്),ലിയാൻ(വിദ്യാർഥി,ജർമ്മനി)



കാഠ്മണ്ഡുവിൽ നടന്ന മാസ്റ്റേഴ്സ് വിഭാഗം എഷ്യൻ ബോഡിബിൽഡിംഗ് ചാംപ്യൻഷിപ്പിൽ ഇന്ത്യയ്ക്കു വേണ്ടി സ്വർണ്ണ മെഡൽ നേടിയ ഡോ.പീറ്റർ ജോസഫ് പുരസ്കാരം ഏറ്റുവാങ്ങുന്നു

# ലേ ഓവർ യാത്രികർക്ക് പ്രിയങ്കരമായ ലക്ഷ്യസ്ഥാനമായി ദുബായ്

**ദുബായ്:** ലോക ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗത്തിനും എട്ട് മണിക്കൂറിനുള്ളിൽ വിമാനത്തിൽ എത്താവുന്ന ദുബായ് ഏറ്റവും തിരക്കേറിയ യാത്രാ, കണക്റ്റിംഗ് ഹബ്ബുകളിലൊന്നാണ്. അതിനാൽ തന്നെ സ്റ്റോപ്പ് ഓവർ അവധിദിനങ്ങൾക്കായി ദുബൈയിൽ എത്തുന്നവരുടെ എണ്ണത്തിൽ വൻവർദ്ധനയാണ് കഴിഞ്ഞ കുറച്ചു കാലമായി രേഖപ്പെടുത്തുന്നത്. നിരവധി വൈമാനിക പാതകൾ ചെന്ന് ചേരുന്ന ദുബായ്, സ്റ്റോപ്പ് ഓവർ ഡെസ്റ്റിനേഷനു വേണ്ട എല്ലാവിധ സൗകര്യങ്ങളും നിറഞ്ഞ ഒരു മെട്രോപോളിസാണ്. ചുരുങ്ങിയത് ഒരു രാത്രി മുതൽ ഏതാനും ദിനങ്ങൾ വരെ വിനോദസഞ്ചാരത്തിനായി തിരഞ്ഞെടുക്കുന്ന യാത്രികർ തങ്ങളുടെ സ്റ്റോപ്പ് ഓവറായി ദുബായ് തിരഞ്ഞെടുക്കാനുള്ള കാരണം ഹോട്ടലുകളും മറ്റും എളുപ്പത്തിൽ ബുക്ക് ചെയ്യാനുള്ള സൗകര്യവും നിരവധി ആകർഷണീയമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രാസൗകര്യങ്ങളും സുരക്ഷാക്രമീകരണങ്ങളുമാണ്.ആഡംബര മാളുകൾ, അതുല്യമായ ആർട്ട് ആൻഡ് ടെക്നോളജി മ്യൂസിയങ്ങൾ, സൂക്കുകൾ മുതൽ മിഷെലിൻസ്റ്റാർ ഡൈനിംഗ് വരെയുള്ള നഗരത്തിന്റെ കാഴ്ചകളും ശബ്ദങ്ങളും പര്യവേക്ഷണം ചെയ്യാനും മനോഹരമായ ബീച്ചുകളും മറ്റനേക വിനോദ സഞ്ചാര കേന്ദ്രങ്ങളും ഉൾപ്പെട്ട ടൂറിസ്റ്റ് ഹോട്സ്പോട്ടുകൾ, പെട്ടെന്നുള്ള യാത്രയ്ക്കോ സാഹസിക വിനോദത്തിനോ സഹായകരമാകുന്ന പ്രശസ്തമായ ലാൻഡ്മാർക്കുകൾ എന്നിവ നഗരത്തിലേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന ഇടങ്ങളാണ്. കോഫി മ്യൂസിയം, മ്യൂസിയം ഓഫ് ദി ഫ്യൂച്ചർ, ദുബായ് മാൾ, അൽ ഫഹീദി ഹിസ്റ്റോറിക്കൽ നെയ്ബർഹുഡ്, മോട്ട് 32 ദുബായ് എന്നിവ സ്റ്റോപ്പ് ഓവർ സഞ്ചാരികൾക്ക് പ്രിയപ്പെട്ട ഇടങ്ങളിൽ ചിലതാണ്.



